കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-19-2029/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: -04.10.2018.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-19-2029/2018 തിയ്യതി: 04.10.2018.

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2017 മുതൽ 18-07-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മാത്യു റോയ്.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.2018 മുതൽ<br>31.07.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി പ്രീത.യു. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സരിത.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രാജേശ്വരി.സി | ഓഡിറ്റർ |
| | ശ്രീ ജിജീഷ് | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സൈരന്ധ്രി. എം. | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ എസ്.എസ്.നൗഫൽ | 01.04.2017മുതൽ 31.05.2017വരെ |
| | ശ്രീമതി വിമലചന്ദ്രൻ. വി.എസ്. (ഇൻ ചാർജ്) | 01.06.2017മുതൽ 16.06.2017വരെ |
| | ശ്രീ ഇ.വി.ഗിരീഷ്. (ഇൻ ചാർജ്) | 17.06.2017മുതൽ 16.10.2017വരെ |
| | ശ്രീമതി എൽ.സി.ജ്യോതി | 17.10.2017മുതൽ 31.03.2018വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ഉണ്ണി. കെ.എസ്. | 01.04.2017മുതൽ 30.05.2017വരെ, & 16.10.2017 മുതൽ 31.03.2018വരെ |
| | ശ്രീമതി സ്വപ്ന.എ. | 31.05.2017മുതൽ 03.07.2017വരെ |
| | ശ്രീമതി സജ്ന.ആർ. | 04.07.2017 മുതൽ 15.10.2017വരെ |
| അസി.സെക്രട്ടറി | ശ്രീമതി വിമലചന്ദ്രൻ. വി.എസ്. | 01.04.2017മുതൽ 17.06.2017വരെ |
| | ശ്രീ കെ.എൻ.ദിനേഷ് | 24.06.2017മുതൽ 01.01.2018വരെ |
| | ശ്രീമതി ചുരത്തിൽ ഗംഗ | 08.01.2018മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഭാഗ്യലത.വി.കെ | 01.04.2017മുതൽ 21. 07.2017വരെ |
| | ശ്രീ ദിലീപ്കുമാർ.വി.കെ | 22.07.2017മുതൽ 06.08.2017വരെ |
| | ശ്രീമതി ആർ.ആശ | 07.08.2017മുതൽ 29.10.2017വരെ |
| | ശ്രീമതി അഞ്ജലി ദിവാകരൻ | 30.10.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.രമേഷ് കുമാർ.കെ.വി. | 01.04.2017മുതൽ 03.07.2017വരെ |
| | ഡോ.എസ്.കാർത്തികേയൻ | 04.07.2017മുതൽ 04.08.2017വരെ |

| | | |
|---|---|---|
| | ഡോ.ദാമോദരൻ | 05.08.2017മുതൽ 07.11.2017വരെ |
| | ഡോ.സജിൻ മാത്യൂ | 08.11.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ശിവദാസ് മേനോൻ | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | ഡോ.ഡാലിയ ബാലകൃഷ്ണൻ | 01.04.2017മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ലിസ്സി ജോസഫ് | 01.04.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി പാർവതി | 01.04.2017മുതൽ 31.03.2018വരെ |
| | ശ്രീമതി സുമി.പി | 14.12.2017മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി പ്രിൻസി.എസ്.ജോൺ | 01.04.2017മുതൽ 31.03.2018വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഫർസാന റൂബി | 01.04.2017മുതൽ 19.07.2017വരെ |
| | ശ്രീമതി എച്ച്.എൻ ആഗ്നസ് | 20.07.2017മുതൽ 17.01.2018വരെ |
| | ശ്രീമതി കെ.ബേബി | 18.01.2018മുതൽ 31.03.2018വരെ |

ഉള്ളടക്കം

ഭാഗം-1


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |


ഭാഗം 4


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017 -ാം തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.03.2018-ാം തീയതിയിലെ 10-ാംതീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. നികുതി-നികുതിയേതര ഇനങ്ങളിൽ പ്രതീക്ഷിത വരുമാനം കൈവരിക്കാൻ തൻവർഷം ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ബജറ്റ് പ്രകാരം ഈയിനത്തിൽ പ്രതീക്ഷിതവരവ് 5905000/-രൂപയും യഥാർത്ഥ വരവ് 3620801/-രൂപയുമാണ്(38% കുറവ്). ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കുകയും അനുബന്ധം 1 ൽ നോൺ പ്ലാൻ പ്രൊപ്പോസൽ വാങ്ങുകയോ ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ജനവരി 15 ന് മുമ്പ് വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ബജറ്റു സംബന്ധിച്ച് റിവൈസ്ഡ് ബജറ്റിന്റെ കോപ്പി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇടയാകുമെന്നതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതും തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018-30.06.2018 | നം.കെ.എസ്.എ-പികെഡി-21-1904(22)/2018 തീയതി 29.08.2018. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3174927 |
| വരവ് | 52034477 |
| ആകെ | 55209404 |
| ചെലവ് | 55396373 |
| നീക്കിയിരിപ്പ് | (-) 186969 |

2017-18 സാമ്പത്തിക വർഷത്തിൽ തനത്ഫണ്ടിൽ(STSB) നിന്നും 6,86,421.00 രൂപയും STSB സംയുക്ത പ്രോജക്ടിൽ നിന്നും 23,78,768.00 രൂപയും ഉൾപ്പെടെ ആകെ 30,65,189.00 രൂപ സർക്കാർ നേരിട്ട് 29.03.2018 ന് പിൻവലിച്ചതുമൂലമാണ് 31.3.2018 ന് സ്ഥാപനം (-) ഫണ്ട് ആയിട്ടുള്ളത്. ഈ തുക 09.04.2018 ന് തിരികെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11527105 | 11527105 | 10229403 | 1297702 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 0 | 8835938 | 8835938 | 5192136 | 3643802 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 0 | 11000 | 11000 | - | 11000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 0 | 10508000 | 10508000 | 10465870 | 42130 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 0 | 3183464 | 3183464 | 2702296 | 481168 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 0 | 5162962 | 5162962 | 5106839 | 56123 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 0 | 831198 | 831198 | 801950 | 29248 |
| എംജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | - | 16233785 | 16233785 | 16233785 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 340 | 888472 | 888812 | 849007 | 39805 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ബി.ആർ.ജി .എഫ്. | | 394 | - | 394 | - | 394 |
| | ടി.എസ്.സി | | 1215000 | 519583 | 1734583 | 519583 | 1215000 |
| | ഐസിഡിഎസ് | | 847881 | 664389 | 1512270 | 370541 | 1141729 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | - | 1907500 | 1907500 | 19017500 | - |
| | ജില്ലാ പഞ്ചായത്ത് | | - | 2305000 | 2305000 | 2305000 | - |
| ബി ഫണ്ട് | | | - | 898440 | 898440 | 898440 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | SBI | 598205 | 8372659 | 8970864 | 8649346 | 321518 |
| | | SBI (വസ്തുനികുതി) | 5739 | 25183 | 30922 | 0 | 30922 |
| | | വടവന്നൂർ സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് | 20011 | 282636 | 302647 | 130833 | 171814 |
| | ട്രഷറി അക്കൗണ്ട്-ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | | 795748<br>206349 | 5957000<br>1279629 | 6752748<br>1485978 | 6893798<br>1061896 | (-)141050<br>424082 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 66112192 | 126 | 39624202 | 0 | 41 | 67 % |

അംഗീകാരം ലഭ്യമായ 167പ്രൊജക്ടുകളിൽ 126 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ഇവയിൽ 57 എണ്ണത്തിന് മാത്രമാണ് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുന്നതിന് സാധിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട മൊത്തം തുകയുടെ 60 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 7676250 | 7554168 | 98 |
| വി.ഇ.ഒ - 1 | 9 | 7 | 6529000 | 1724667 | 26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 3144871 | 2699826 | 85 |
| സെക്രട്ടറി | 28 | 21 | 6882735 | 5092909 | 73 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 103 | 76 | 32301436 | 19697382 | 61 |
| മെഡിക്കൽ ഓഫീസർ PHC | 8 | 8 | 774900 | 574900 | 74 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 1 | 1 | 100000 | 100000 | 100 |
| വെറ്ററിനറി സർജ്ജൻ | 1 | 0 | 3325000 | 0 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 630000 | 550000 | 87 |
| അസി.സെക്രട്ടറി | 10 | 6 | 4348000 | 1230350 | 28 |
| ആകെ | 167 | 126 | 66112192 | 39624202 | 60 |

നടപ്പിലാക്കാത്ത 41 പ്രോജക്ടുകളിൽ 6 എണ്ണം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകളാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ ,ഫണ്ട് | പ്രോജക്ട് ഉപേക്ഷിക്കുന്നതിനുള്ള കാരണം |
|---|---|---|
| പ്രോജക്ട് നം 42/18; വനിത കുടുംബനാഥ വീട് ബലപ്പെടുത്തൽ | 1950000, (വികസനഫണ്ട് എസ്.സി.പി) | വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടായതിനാൽ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് തുക നൽകാൻ കഴിയാത്തതിനാൽ |
| പ്രോജക്ട് നം.44/18; കിടാരി വിതരണം | 3325000 (വികസനഫണ്ട് എസ്.സി.പി) | ഗുണഭോക്താക്കളുടെ ലഭ്യതക്കുറവ് |
| പ്രോജക്ട് നം. 156/18; ആശ്രയ വീട് ബലപ്പെടുത്തൽ | 500000 (വികസനഫണ്ട് സാധാരണവിഹിതം) | ഗുണഭോക്താക്കളുടെ ലഭ്യതക്കുറവ് |

| | | |
|---|---|---|
| പ്രോജക്ട് നം.55/18; ISO സർട്ടിഫിക്കറ്റ് | 115000 (വികസനഫണ്ട് സാധാരണവിഹിതം) | ഫണ്ട് ലഭ്യതക്കുറവ് |
| പ്രോജക്ട് നം. 145/18; പണ്ടാരക്കാട് പോസ്റ്റ് മാറ്റൽ | 35000; (വികസനഫണ്ട് എസ്.സി.പി) | ടി പോസ്റ്റ് നേരത്തെ മാറ്റി സ്ഥാപിച്ചതിനാൽ |
| പ്രോജക്ട് നം 25/18;റിവോൾവിംഗ് ഫണ്ട് | 10000 (വികസനഫണ്ട് സാധാരണവിഹിതം) | സംസ്ഥാന കുടുംബശ്രീ മിഷൻ ഫണ്ടിൽ നിന്നും ഈ പ്രോജക്ടിന് തുക നൽകിയതിനാൽ |

പ്രോജക്ടുകൾ ഉപേക്ഷിക്കപ്പെട്ടതിനുള്ള കാരണങ്ങൾ പരിശോധിക്കുമ്പോൾ പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശാനുസരണമുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടില്ല എന്നു കാണുന്നു. 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്) 72/2017/ത.സ്വ.ഭ.വ തീയതി 29.03.17 പ്രകാരം പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ട ഘടകങ്ങളെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. *ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത എന്നിവ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ഉറപ്പു വരുത്തുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്താത്തതിനാലാണ് ഇത്തരത്തിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.* വിജയ സാദ്ധ്യതയുള്ള പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന സമിതികളുടേയും കമ്മിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമല്ല എന്നുകാണുന്നു.

1. ആസൂത്രണ സമിതി

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടിതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 14 അംഗങ്ങളുള്ള ആസൂത്രണ സമിതി 20.01.17ന് രൂപീകരിച്ചിട്ടുണ്ട്. ആദ്യ യോഗത്തിൽ പ്രത്യേക ചർച്ചകളൊന്നും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൂടുതൽ യോഗങ്ങളൊന്നും ചേർന്നിട്ടുള്ളതായോ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായി രേഖകളില്ല.

ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ചുമതലകളും നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

2. വർക്കിംഗ് ഗ്രൂപ്പുകൾ

അനിവാര്യമായി രൂപീകരിക്കേണ്ട 12 വർക്കിംഗ് ഗ്രൂപ്പുകളെല്ലാം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചപ്പോൾ പല വർക്കിംഗ് ഗ്രൂപ്പും 3 അല്ലെങ്കിൽ 4 യോഗങ്ങൾ ചേർന്നിട്ടുള്ളതായി കണ്ടു. പദ്ധതികളുടെ ആവശ്യകത മാത്രമാണ് യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. വിവിധ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയതിൽ പൂർണ്ണതയില്ല. ഭൂരിഭാഗവും സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സഹായി എന്ന ഫോർമാറ്റിൽ പ്രൊജക്റ്റ് നിർദ്ദേശങ്ങൾ മാത്രം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ മേഖലകളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് അടിസ്ഥാനമാക്കുവാൻ സാധിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കിയതായി രേഖകളില്ല. നിർദ്ദേശിക്കപ്പെട്ട വിവിധ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പല പദ്ധതികളിലും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

3. സ്റ്റാന്റിംഗ് കമ്മിറ്റികൾ

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായി തയ്യാറാക്കുക, പ്രൊജക്റ്റുകൾ ശുപാർശ ചെയ്യുക, പദ്ധതികളുടെ കൃത്യതയും നിയമസാധുതയും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ഒരു പരിധിവരെ പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

- വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക, യോഗങ്ങൾ വിളിച്ചു ചേർക്കുക, വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കുക, പദ്ധതി തയ്യാറാക്കുക, ന്യൂനതകൾ പരിഹരിക്കുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണം അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്നതിനായി ഭരണസമിതിക്ക് ശുപാർശ നൽകികാണുന്നില്ല.

- ക്ഷേമകാര്യം, ആരോഗ്യംവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വിഷയവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിറവേറ്റിയിട്ടുള്ളത്.

തൻ വർഷത്തെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും മേൽ സൂചിപ്പിച്ച

കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. വിവിധ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾ പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചക്ക് കാരണമാകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ച്ചെലവുകൾ | 340 | 888472 | 888812 | 849007 | 39805 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 16233785 | 16233785 | 16233785 | 0 |
| ആകെ | 340 | 17122257 | 17122597 | 17082792 | 39805 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 94440 | 200 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 5001500 | 1716 |
| 3 | വിധവാപെൻഷൻ | 9012700 | 3072 |
| 4 | വാർദ്ധക്യകാലപെൻഷൻ | 13069900 | 4295 |
| 5 | വികലാംഗപെൻഷൻ | 1972700 | 637 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 386800 | 177 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 364/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.ആയവ പരിഹരിക്കേണ്ടതാണ്.

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
- വസ്തു നികുതി, ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതുവരെയുള്ള കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നുണ്ടോ എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.
- സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക പൂർണ്ണമായി സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.
- ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റ് നടപ്പിലായിട്ടില്ല.
- പൗരാവകാശ രേഖ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പ്

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

- 10/2017 വരെയുള്ള വൗച്ചറുകളോടൊപ്പം സാംഖ്യയിൽ നിന്നുള്ള ബില്ല് സൂക്ഷിച്ചിട്ടില്ല. ഈ കാലയളവിലെ എല്ലാ വൗച്ചറുകളോടൊപ്പവും അനുബന്ധരേഖകൾ, രശീതികൾ മുതലായവ വെച്ചിട്ടില്ല.

- പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

- പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ പല തീയതികളിലും വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ ഒപ്പിട്ടിട്ടില്ല. കൂടാതെ കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.വാഹനത്തിന്റെ ഇന്ധനക്ഷമത സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.07.2018 | 06/2018 | 16.07.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.01.2016-29.01.2016 | 2010-11 മുതൽ 2014-15 വരെ | 05.03.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
- 10/2017 വരെയുള്ള വൗച്ചറുകളോടൊപ്പം സാംഖ്യയിൽ നിന്നുള്ള ബില്ല് സൂക്ഷിച്ചിട്ടില്ല. ഈകാലയളവിലെ എല്ലാ വൗച്ചറുകളോടൊപ്പവും അനുബന്ധരേഖകൾ, രശീതികൾ മുതലായവ വെച്ചിട്ടില്ല.
- പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി/സ്ഥാപനനികുതി അടവാക്കിയിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | റൂറൽ കൊ-ഓപ്പറേറ്റിവ് ഹൗസിങ് സൊസൈറ്റി | 1 & 2 |
| 2 | വസന്ത മോഡേൺ റൈസ് മിൽ | 2 |
| 3 | ബിജു മോഡേൺ റൈസ് മിൽ | 1 & 2 |
| 4 | വിജയ് ഡെന്റൽ ക്ലിനിക്ക് | 1 & 2 |

<u>താഴെ പറയുന്ന സ്ഥാപനങ്ങൾ/ട്രേഡേഴ്സിൽ നിന്നുള്ള സ്ഥാപന നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.</u>

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വസന്ത മോഡേൺ റൈസ് മിൽ | 2 |
| 2 | സ്റ്റാർ ഡിജിറ്റൽ സ്റ്റുഡിയോ | 1 & 2 |
| 3 | അഞ്ജലി ഡിജിറ്റൽ സ്റ്റുഡിയോ | 1 & 2 |
| 4 | വിജയ് ഡെന്റൽ ക്ലിനിക്ക് | 1 & 2 |

സർവ്വീസ് കൊ-ഓപ്പറേറ്റിവ് ബാങ്ക്,ഊട്ടറയുടെ ആദ്യ അർദ്ധവർഷത്തെ സ്ഥാപനനികുതി ഓഡിറ്റ്

വേളയിൽ രശീതി നം 118010101405 തിയ്യതി 27.7.18 പ്രകാരം അടവാക്കിയിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം 7).മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽനികുതി/സ്ഥാപനനികുതി എന്നിവ അടവാക്കേണ്ടതാണ്.

സ്ഥാപനരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്.വടവന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപനരജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുകയും പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതുമാണ്.

കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തിന്റെ കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി അടവാക്കിയിട്ടില്ല

എ) നാരായണൻ.വി,PWD കോൺട്രാക്ടർ,വടവന്നൂർ

ബി) കലാധരൻ.വി, PWD കോൺട്രാക്ടർ,വടവന്നൂർ

സി) രമേഷ്.കെ,PWD കോൺട്രാക്ടർ,വടവന്നൂർ

ഡി) കെ.ബി.കൊച്ചുകുമാർ,PWD കോൺട്രാക്ടർ,വടവന്നൂർ

ഇ) സി.എ.സന്തോഷ് കുമാർ,ചാലക്കൽ,വടവന്നൂർ

എഫ്) കെ.എം രാധാകൃഷ്ണൻ,കാരപ്പറമ്പ്,വടവന്നൂർ

ജി) അനന്തകൃഷ്ണൻ,കാരപ്പറമ്പ്,വടവന്നൂർ

എച്ച്) കിഷോർ.യു,വട്ടച്ചിറക്കളം,വടവന്നൂർ

ഐ) ഉണ്ണികൃഷ്ണൻ.കെ,വട്ടച്ചിറക്കളം,വടവന്നൂർ

ജെ) വേലായുധൻ.എ,PWD കോൺട്രാക്ടർ,വടവന്നൂർ

കെ) മഹേഷ്.കെ.വി,PWD കോൺട്രാക്ടർ,വടവന്നൂർ

# 2-2 ഡി&ഒ ലൈസൻസ് അപാകതകൾ പരിഹരിക്കേണ്ടതാണ്

എ. ഡി&ഒ ലൈസൻസ് ഇല്ലാതെ ഇറച്ചി കോഴിക്കടകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ ഇറച്ചിക്കോഴികളുടെ വിൽപ്പന നടത്തുന്നുണ്ട്.2017-18 സാമ്പത്തികവർഷത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ലെന്നാണ് ഓഡിറ്റ് അന്വേഷണം 10 ന് മറുപടിയായി അറിയിച്ചിട്ടുള്ളത്.ഇത്തരം സ്ഥാപനങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

ഉദാ:-

1.വാവ ചിക്കൻ സെൻറർ

2.എസ് എസ് ബ്രദേഴ്സ് ചിക്കൻ സ്റ്റാൾ

3.റഹ്മത്ത് ചിക്കൻ സെന്റർ

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം കോഴികളുള്ള കോഴിഫാമുകളുണ്ടെങ്കിൽ 2012ലെ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

ബി. ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

| ക്രമ നം | ഡി&ഒ രജിസ്റ്റ റിലെ നം | അപേക്ഷകന്റെ പേര് | സ്ഥാപനം | അടവാക്കാവുന്നത് | അടവാക്കിയത് |
|---|---|---|---|---|---|
| 1 | 75 | മുഹമ്മദ് ആഷിക്ക് പി ജെ | ആഷിക്ക് സാ മിൽ | 400 | 300 |

അപേക്ഷ പ്രകാരം 38 എച്ച് പി വൈദ്യുതി/മോട്ടോർ ഉപയോഗിക്കുന്നുണ്ട്.ഇതിന് ലൈസൻസ് ഫീ ആയി 400/- രൂപ അടവാക്കാവുന്നതാണ്.എന്നാൽ 300/- രൂപയാണ് അടവാക്കിയിട്ടുള്ളത്.കുറവു വന്ന തുകയായ 100/- രൂപ രശീതി നം 118010101407 തിയതി 27.7.18 പ്രകാരം ഓഡിറ്റ് വേളയിൽ ടിയാനിൽ നിന്നും അടവാക്കിയിട്ടുണ്ട്.

സി. പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ-രജിസ്ട്രേഷൻ നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രി&പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിജയ് ഡെന്റൽ ക്ലിനിക്ക് എന്ന സ്ഥാപനം ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും മേൽ പറഞ്ഞ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ നടത്തിയിട്ടില്ല.രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ ചട്ടം 8 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണ്.മേൽ അപാകത പരിഹരിക്കേണ്ടതാണ്.

ഡി. അനധികൃതമായി പ്രവർത്തിക്കുന്ന പന്നി ഫാമിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

വടവന്നൂർ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ ശ്രീമതി വിജി കിഴക്കേകളം,തത്തമംഗലം എന്നവർ അനധികൃതമായി പന്നിഫാം നടത്തിവരുന്നുണ്ട് എന്ന പൊതുജന പരാതിയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയതു പ്രകാരം ടി സ്ഥാപനം പകർച്ചവ്യാധികൾക്ക് കാരണമായേക്കാവുന്നതാണ് .9.1.18 ലെ പഞ്ചായത്ത് സാധാരണയോഗം തീരുമാനം നം 1 പ്രകാരം പന്നിഫാം നടത്തുന്നത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്.ഫാം പരിസരത്ത് മാലിന്യം കയറ്റി വന്ന വണ്ടി നാട്ടുകാർ തടഞ്ഞ് പോലീസിൽ ഏൽപ്പിച്ചിരുന്നു.മേൽ വിഷയത്തിൽ കർശനനടപടി സ്വീകരിക്കുവാൻ അറിയിച്ചുകൊണ്ട് സെക്രട്ടറി കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ടി ഫാമിനെതിരെ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ ഇതുപോലുള്ള

ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണ് .

ഡി.ഓ. സംവിധാനം കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. പുതുതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ വ്യാപാരവ്യവസായങ്ങൾക്കുള്ളതാണെങ്കിൽ അപ്പോൾത്തന്നെ ടി സ്ഥാപനങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

# 2-3 <u>നികുതി പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹം</u>

2017-18 സാമ്പത്തികവർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി നികുതി പിരിവിനുള്ള ഊർജ്ജിതമായ ശ്രമം നടത്തിയത് അഭിനന്ദനാർഹമാണ്. 2017-18 വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയായി 144369/- രൂപയും വാട്ടർചാർജ്ജ് ഇനത്തിൽ 2,51,810/- രൂപയും കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. ഇതിൽ 31.5.2018ന് വസ്തുനികുതി പിരിവ് 100% നടത്തിയതായി ഓഡിറ്റ് അന്വേഷണം 26ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. വാട്ടർ ചാർജ്ജ് കുടിശ്ശിക ഇനത്തിലുള്ള 2,51,810/- രൂപ പിരിച്ചെടുത്ത് തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിങ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

# 2-4 <u>വസ്തുനികുതിയിന്മേലുള്ള സേവനഉപനികുതി അടവാക്കി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്.</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവനഉപനികുതി

വസ്തുനികുതിയോടൊപ്പം ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്.

## 2-5 ഭവനനിധി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്

ലൈഫ് മിഷനുവേണ്ടി സംഭാവനകൾ സ്വീകരിക്കുന്നതിനായി വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ഭവനനിധി അക്കൗണ്ട് കൊടുവായൂർ കേരളഗ്രാമീൺബാങ്കിൽ ആരംഭിക്കുവാൻ 29.1.18ലെ സാധാരണയോഗം അജണ്ട 6 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി അക്കൗണ്ട് ഇതുവരെയുംആരംഭിച്ചിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.അതുപോലെ സി.എസ്.ആർ ഫണ്ട്,വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ,വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ,എം.പി/എം.എൽ.എ വികസന ഫണ്ടുകൾ,നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം.എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ ,സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ഇ-ടെണ്ടർ ചെയ്ത പ്രവർത്തികൾ - ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വിലയും, ഇ.എം.ഡി യും ഉൾപ്പെടെ 1,11,110/-രൂപ ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ 11.06.2018 ന് വരവ് വെച്ചിട്ടുണ്ട്. (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വടവന്നൂർ - അക്കൗണ്ട് നം - 37356675090) ആയത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയോ, വാറ്റ് തുക വില്പന നികുതി ഓഫീസിലേക്ക് അടവാക്കുകയോ ചെയ്തിട്ടില്ല. മേൽ തുക മുൻവർഷങ്ങളിലെ ടെണ്ടർ

ഫോറങ്ങളുടെ വില, ഇ.എം.ഡി എന്നിവ ഉൾപ്പെടെയാണോ എന്ന് കണക്കാക്കിയിട്ടില്ല. ആയത് കണക്കാക്കി ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017 – 18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവർത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രവർത്തി | അടങ്കൽ | നിരതദ്രവ്യം | ടെണ്ടർ ഫോറം വില |
|---|---|---|---|---|---|
| 1 | 29 | വിവിധ അങ്കണവാടി മെയ്ന്റനൻസ് | 1091000 | 27300 | 2500 |
| 2 | 37 | പിലാപുള്ളി റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 824000 | 20600 | 1700 |
| 3 | 40 | ഗായത്രി നഗർ റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 578000 | 14500 | 1200 |
| 4 | 107 | പുല്ലുവായ്ക്കുളമ്പ്റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 620000 | 15500 | 1300 |
| 5 | 110 | കണ്ടനാറ മലയമ്പള്ളം റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 808000 | 20200 | 1700 |
| 6 | 114 | കാവളംകോട്റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 508000 | 12700 | 1100 |
| 7 | 116 | ചമ്പക്കുളം റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 808000 | 20200 | 1700 |
| 8 | 117 | കണ്ടംകുളം റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 520000 | 13000 | 1100 |
| 9 | 137 | വടവന്നൂർ തറ റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 520000 | 13000 | 1100 |

| | | | | | |
|---|---|---|---|---|---|
| 10 | 142 | വാട്ടയാർ റോഡ് മെറ്റലിങ്ങ്,ടാറിങ്ങ് | 658000 | 16500 | 1400 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് - ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കണം

മുൻവർഷം അംഗീകാരം വാങ്ങിയിട്ടുള്ളതും തൻവർഷം സ്പിൽഓവറായി തുടരുന്നതുമായ പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് എന്ന പ്രൊജക്റ്റ്(നം.55/18) നാളിതുവരെ നടപ്പിലായിട്ടില്ല. പദ്ധതിവിഹിതം ജനറൽഫണ്ടിൽ നിന്നും 115000/-രൂപ വകയിരുത്തിയിട്ടുള്ളതാണ് ഈ പ്രൊജക്റ്റ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതി നാളിതുവരെ നടപ്പിലായിട്ടില്ല. 09.03.2018 ലെ ഭരണസമിതി തീരുമാനം (2) പ്രകാരം " 20.02.18 ലെ കമ്മിറ്റിയിൽ ഐ.എസ്.ഒ. പ്രൊജക്റ്റ് ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ 24.2.18 ലെ ജെ.4.1024/16-ാം നമ്പർ കത്ത് പ്രകാരവും സർക്കാരിന്റെ 2.2.18 ലെ ജി.ഒ.(ആർ.ടി) നം. 308/2018 തസ്വഭവ ഉത്തരവു പ്രകാരവും ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്ന പദ്ധതിയുടെ കൺസൾട്ടൻസി സർവീസ് നടത്തുന്നതിന് തൃശ്ശൂർ കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കിലയെ ഏൽപ്പിക്കുന്നതിന്.." തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ കീഴിലുള്ള, സെക്രട്ടറി കൺവീനറായ പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, സദ്ഭരണം, ജനസേവനം കാര്യക്ഷമമാക്കൽ) വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് 2017-18 വർഷം നടപ്പിലാക്കേണ്ട ഏക പ്രൊജക്റ്റ് നിർദ്ദേശമായിരുന്നു ഗ്രാമപഞ്ചായത്തിന്റെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ. തുടർന്ന് 2022 നകം കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇവ പ്രാവർത്തികമാക്കി സദ്ഭരണം, ജനസേവനം കാര്യക്ഷമമാക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി, സെക്രട്ടറി എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വൃദ്ധർക്ക് കട്ടിൽ പ്രോജക്ട് അവലോകനം

2017-18 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് ജനറൽ വിഭാഗത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായും പട്ടികജാതി വിഭാഗത്തിൽ അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| | പ്രോജക്ട് നം 130/18 | പ്രോജക്ട് നം 11/18 |
|---|---|---|
| വിഭാഗം | ജനറൽ | എസ്.സി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | അസി. സെക്രട്ടറി |
| ഫണ്ട് | വികസനഫണ്ട് (പൊതു) | വികസനഫണ്ട് (SCP) |
| അടങ്കൽ | 455000 | 455000 |
| ചെലവ് | 454350 | 454350 |
| ബിൽ നം | 58/17-18;31.03.18 | 13/17-18;28.03.18 |
| ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | 130 | 130 |

പദ്ധതികളുടെ രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വാങ്ങൽ നടപടികൾ എന്നിവയിലെ പൊതുവായ പരാമർശങ്ങൾ താഴെ ചേർക്കുന്നു.

<u>പദ്ധതികളുടെ രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്</u>

ഗ്രാമപഞ്ചായത്തിലെ ജനറൽ എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട അർഹരായ 130 വൃദ്ധർക്ക് വീതം കട്ടിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ചതാണ് ഈ പ്രോജക്ട്. പദ്ധതി രൂപീകരണത്തിനു മുന്നോടിയായി പദ്ധതിയുടെ ആവശ്യകത വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ രണ്ട് പ്രോജക്ടുകളിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള മുൻഗണനാ മാനദണ്ഡം മാർക്ക് ഇവ താഴെ പറയും പ്രകാരമാണ്.

20000 ൽ താഴെ വാർഷിക വരുമാനം - 20

വിധവ ഉൾപ്പെടുന്ന കുടുംബം-20

അവിവാഹിത ഉൾപ്പെടുന്ന കുടുംബം -20

വികലാംഗർ ഉൾപ്പെടുന്ന കുടുംബം -20

ആശ്രയ ലിസ്റ്റിൽ ഉൾപ്പെടുന്ന കുടുംബം -20

ഈ മുൻഗണനാ മാനദണ്ഡങ്ങൾ കൂടാതെ ആനുകൂല്യങ്ങൾക്കായുള്ള പൊതു അപേക്ഷാ ഫോറത്തിലും മാനദണ്ഡങ്ങളും മാർക്കും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലെയും ഏതാനും അപേക്ഷകളുടെ പരിശോധന നടത്തിയതിൽ മേൽ സൂചിപ്പിച്ച മുൻഗണനാ മാനദണ്ഡങ്ങൾ പ്രസ്തുത പ്രോജക്ടിന്റെ പ്രത്യേകതകൾക്കനുസൃതമായി തയ്യാറാക്കിയതല്ലെന്നും ഏറ്റവും അർഹരായ അഥവാ കൂട്ടിൽ തികച്ചും അവശ്യമായ സാഹചര്യത്തിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അനർഹരായവർ ലിസ്റ്റിൽ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനും ഇത് അപര്യാപ്തമാണെന്നും അഭിപ്രായപ്പെടുന്നു. ഒറ്റയ്ക്ക് കഴിയുന്ന മക്കളുപേക്ഷിച്ച വൃദ്ധർ, അവിവാഹിതരും സഹോദരന്റെ/സഹോദരിയുടെ മക്കളെ ആശ്രയിച്ച് കഴിയുന്നവർ കിടപ്പുരോഗികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് അപേക്ഷാഫോറം പ്രകാരം മുൻഗണന നിശ്ചയിച്ചിട്ടില്ല. മുൻഗണനാ മാനദണ്ഡങ്ങൾ ഗ്രാമസഭ വിശദമായി പരിശോധിച്ച് ചിട്ടപ്പെടുത്തിയിട്ടില്ല.

<u>മാർക്കിടൽ രീതിയിലെ അപര്യാപ്തത</u>

അപേക്ഷകൾ പരിശോധിച്ചതിൽ എല്ലാ അപേക്ഷകളിലും നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ചുള്ള വ്യക്തമായ മാർക്കിടൽ രീതിയും അനുവർത്തിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) റാബിയാബീവി,w/o late ഇബ്രാഹിം

അപേക്ഷ പ്രകാരം അപേക്ഷക 82 വയസ്സുള്ള വിധവയാണ്. മറ്റ് കുടുംബാംഗങ്ങൾ ഇല്ല. കൂടാതെ ഇവർ മാറാരോഗിയാണ് എന്നതിന് ഡോക്ടറുടെ സാക്ഷ്യപത്രവും ഉണ്ട്. ഇവർക്ക് മാനദണ്ഡങ്ങളനുസരിച്ച് ആകെ കണക്കാക്കേണ്ട മാർക്ക് 60 ( വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 20, വിധവ-20, മാറാരോഗം- 15, 60 വയസ്സിൽ കൂടുതൽ-5 ) ആണ്. എന്നാൽ കർമ്മസമിതി കണക്കാക്കിയിരിക്കുന്ന ആകെ മാർക്ക് 25 മാത്രമാണ്. ഇതിൽ ആരും അന്വേഷണം നടത്തിയിട്ടില്ല.

2) വേല, തേക്കിൻകാട് , വടവന്നൂർ

അപേക്ഷ പ്രകാരം അപേക്ഷക 82 വയസ്സുള്ള വിധവയാണ്. കാഴ്ചയില്ല. ഇവർക്ക് മാനദണ്ഡങ്ങളനുസരിച്ച് ആകെ കണക്കാക്കേണ്ട മാർക്ക് 65 ( വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 20, വിധവ-20, വൈകല്യം- 20 60 വയസ്സിൽ കൂടുതൽ-5, ) ആണ്. എന്നാൽ കർമ്മസമിതി കണക്കാക്കിയിരിക്കുന്ന ആകെ മാർക്ക് 30 മാത്രമാണ്. ഇതിൽ ആരും അന്വേഷണം നടത്തിയിട്ടില്ല.

3) അനന്തലക്ഷ്മി w/o വെങ്കിട്ടരാമൻ, രാമനാഥപുരം

അപേക്ഷകയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ ആകെ ലഭിക്കേണ്ട മാർക്ക് 40 (വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20, പ്രായപൂർത്തിയായ അവിവാഹിതരായ പെൺമക്കൾ-10, 60 വയസ്സിൽ കൂടുതലുള്ള 2 അംഗങ്ങൾ -10 ). കണക്കാക്കിയിരിക്കുന്ന മാർക്ക് 30 മാത്രമാണ്.

4) പെട്ട, 63 വയസ്സ്,വിധവയായ കുടുംബനാഥ. ഇവർക്ക് ലഭിക്കേണ്ട മാർക്ക് 45 (വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 20, വിധവ-20, 60 വയസ്സിൽ കൂടുതൽ-5) ആണ്. എന്നാൽ കർമ്മസമിതി

കണക്കാക്കിയിരിക്കുന്ന മാർക്ക് 25 മാത്രമാണ്.

മേൽ അപേക്ഷകളിൽ എല്ലാം തന്നെ പരിശോധിച്ച കർമ്മ സമിതി അംഗങ്ങളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ നിജസ്ഥിതി അന്വേഷണം നടത്തി ആരും റിപ്പോർട്ട് ചെയ്തിട്ടില്ല.

5) മുരുകൻ,ഏറാട്ട് വീട്,ആലമ്പള്ളം

69 വയസ്സ് , മസ്തിഷ്കാഘാതത്തെ തുടർന്നുള്ള ചികിത്സയിൽ കഴിയുന്നതായി അപേക്ഷയിൽ പറയുന്നു. അപേക്ഷകൻ ജനറൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഇദ്ദേഹത്തിന്റെ അപേക്ഷ ആരും പരിശോധിച്ചതായോ അന്വേഷണം നടത്തിയതായോ കാണുന്നില്ല. ഇദ്ദേഹത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല.

ആനുകൂല്യം നൽകിയവരുടെയും നൽകാത്തവരുടെയും അപേക്ഷകൾ ഒന്നിച്ച് ഹാജരാക്കിയതിൽ ആനുകൂല്യം ലഭിക്കാത്ത അപേക്ഷകൾ പരിശോധിച്ചതിൽ വിധവകൾ വിഭാര്യർ മക്കളുപേക്ഷിച്ചവർ, മാറാരോഗികൾ തുടങ്ങിയവർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടു. ആനുകൂല്യം ലഭിക്കാത്ത അപേക്ഷകളിൽ പെൻസിൽ കൊണ്ട് ചിലയിടങ്ങളിൽ മാർക്ക് ഇട്ടിട്ടുണ്ട്. എന്നാൽ അപേക്ഷകൾ കർമ്മസമിതി പരിശോധിച്ചതായോ അന്വേഷണം നടത്തിയതായോ രേഖപ്പെടുത്തലുകൾ ഇല്ല.

മാർക്കിടൽ രീതിയിലുള്ള അപാകതകൾ ഒരേ മാർക്ക് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. തുടർന്ന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7.11.17 ൽ ചേർന്ന യോഗത്തിൽ ഒരേ മാർക്ക് ലഭിച്ചവരുടെ എണ്ണക്കൂടുതൽ കാരണം പ്രായത്തിന്റെ മാനദണ്ഡം അനുസരിച്ച് മുൻഗണന നൽകുന്നതിനും 65 വയസ്സിൽ താഴെയുള്ള കിടപ്പുരോഗികളുടെ മുൻഗണനാക്രമം ഗ്രാമസഭയ്ക്ക് ശേഷം തീരുമാനിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഗ്രാമസഭ ഈ പ്രശ്നം ചർച്ച ചെയ്ത് അഭിപ്രായ സമന്വയത്തോടെ മുൻഗണന നിശ്ചയിച്ചിട്ടുള്ളതായി രേഖപ്പെടുത്തലുകൾ ഇല്ല.

<u>മതിയായ സാക്ഷ്യപത്രങ്ങൾ ഉറപ്പു വരുത്തിയിട്ടില്ല</u>

പട്ടികജാതി വിഭാഗത്തിലെ എല്ലാ അപേക്ഷകളിലും ജാതി, വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങൾ സാധുതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. (ഉദാ: അയ്യ w/o lateകണ്ടൻ എന്നവരുടെ അപേക്ഷയിൽ ജാതി സർട്ടിഫിക്കറ്റിന് പകരം മകൻ ആറുമുഖന്റെ S S L C സർട്ടിഫിക്കറ്റിന്റെ അബ്സ്ട്രാക്ട് ആണ് വച്ചിരിക്കുന്നത്.) ആനുകൂല്യം നൽകിയതിനു ശേഷം മാത്രമാണ് പലരും സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

<u>വാർഡടിസ്ഥാനത്തിലുള്ള അനുപാതം പരിശോധിച്ചിട്ടില്ല</u>

ജനറൽ ഗുണഭോക്തൃലിസ്റ്റിൽ വാർഡ് 10 ലാണ് ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 62 എണ്ണം. ഇവരിൽ 10 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത് . ഗ്രാമപഞ്ചായത്തിനെ ഒരു സമഗ്ര യൂണിറ്റായി കാണാതെ ഓരോ വാർഡിൽ നിന്നും ഒരു നിശ്ചിത എണ്ണം ഗുണഭോക്താക്കൾ എന്ന രീതിയിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. അതിനാൽ തന്നെ തികച്ചും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടോയെന്നത് വ്യക്തമല്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ ഈ അപര്യാപ്തത ജനങ്ങൾക്കിടയിൽ വ്യാപകമായ അതൃപ്തി സൃഷ്ടിക്കുകയും സാമൂഹികവും രാഷ്ട്രീയപരവുമായ പ്രശ്നങ്ങൾക്ക് വഴി തെളിക്കുകയും ചെയ്തതായി കാണുന്നു. കട്ടിൽ വിതരണത്തോടനുബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥർക്ക് സാമൂഹ്യ വിരുദ്ധരുടെ

ഭീഷണിയും അക്രമവും നേരിടേണ്ടി വന്നതായി ഗ്രാമപഞ്ചായത്തിലെ രേഖകളിൽ നിന്നും (അസിസ്റ്റന്റ് സെക്രട്ടറി 04.04.18 ന് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്ത് ) സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ നിന്നും മനസ്സിലാകുന്നു. ഇത് സംബന്ധിച്ച് പാലക്കാട് വനിതാ സെല്ലിലും കൊല്ലങ്കോട് പോലീസ് സ്റ്റേഷനിലും പരാതി ഫയൽ ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥർക്ക് നിർബന്ധിത അവധിയിൽ പ്രവേശിക്കേണ്ടി വന്നതായും സെക്രട്ടറിയുടെ മറുപടിയിൽ പറയുന്നു.

<u>ആവശ്യകത മൊത്തത്തിൽ വിലയിരുത്തിയിട്ടില്ല</u>

ചെലവഴിക്കാതെ അവശേഷിച്ച എസ്.സി ഫണ്ട് ഉപയോഗിച്ച് എസ്.സി ഗുണഭോക്തൃലിസ്റ്റിൽപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും കട്ടിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 181/18 എന്ന മറ്റൊരു പ്രോജക്ട് കൂടി ഭരണസമിതി തീരുമാനപ്രകാരംഈ സാമ്പത്തികവർഷത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യത്തെ പ്രോജക്ട് രൂപീകരണത്തിൽ ആവശ്യകത മൊത്തത്തിൽ വിലയിരുത്താതെ അടങ്കൽ നിശ്ചയിച്ചതിനാലാണ് ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ഒരേ തരത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടതായി വന്നത് എന്ന് അഭിപ്രായപ്പെടുന്നു. ഈ പ്രോജക്ട് 2018-19 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കുന്നു.

<u>വാങ്ങൽ നടപടികൾ</u>

21.06.17 ലെ ജി.ഒ (സാധാ) നം 2086/17 പ്രകാരം തടി നിർമ്മിതമായ കട്ടിൽ വാങ്ങി നൽകുന്നതിനുള്ള സ്പെസിഫിക്കേഷനാണ് തന്നിരിക്കുന്നത് . ഇതിനായി 4350 വരെ ചെലവഴിക്കാവുന്നതാണ്. എന്നാൽ 3500 രൂപ യൂണിറ്റ് വില കണക്കാക്കിയാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. യഥാക്രമം 11.10.17 ,17.11.17 തീയതികളിലാണ് ജനറൽ, എസ്.സി വിഭാഗത്തിലുള്ള പ്രോജക്ടുകൾക്ക് ടെണ്ടറുകൾ ക്ഷണിച്ചിരിക്കുന്നത്. ജനറൽ വിഭാഗത്തിലുള്ള ടെണ്ടർ പരസ്യം പ്രകാരം ആഞ്ഞിലി തടി ഉപയോഗിച്ചുള്ള കട്ടിൽ ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. എസ്.സി ടെണ്ടറിൽ സ്പെസിഫിക്കേഷൻ നൽകിയിരിക്കുന്നത് ആഞ്ഞിലി തടി എന്ന ഭാഗം ഒഴിവാക്കിയാണ്. ഒരേ സാധനത്തിനായി രണ്ട് വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിക്കുന്നത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

രണ്ടു ടെണ്ടറുകൾക്കും ഒരേ ഏജൻസികൾ തന്നെയാണ് ടെണ്ടർ നൽകിയിരിക്കുന്നത്. ഒരേ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്. ടെണ്ടർ നൽകിയ ഏജൻസികൾ എല്ലാം തന്നെ സ്റ്റീൽ കട്ടിലിനാണ് ടെണ്ടർ നൽകിയിരിക്കുന്നത്. ആവശ്യപ്പെട്ട ടെണ്ടറും ക്വോട്ട് ചെയ്ത ടെണ്ടറും തമ്മിലുള്ള ഈ വ്യത്യാസം ഏതെങ്കിലും ഘട്ടത്തിൽ പരിഗണിക്കുകയോ ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. സാലി അസോസിയേറ്റ്സ് ,വടക്കഞ്ചേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ച അളവുകളോടും 12mm പ്ലൈവുഡ് പ്രതലത്തോടും കൂടിയ കട്ടിൽ തെരഞ്ഞെടുക്കുന്നതിനും 4.12.17 ന് കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചു.

സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയിരിക്കുന്നത് 4.01.18 ലാണ്. 13.03.18 തീയതിയിൽ സെക്രട്ടറി സ്ഥാപനത്തിന് നൽകിയ കത്തിൽ പ്രിൻസിപ്പാൾ ഗവ.പോളിടെക്നിക്ക് കോളേജിൽ നിന്നും ഗുണനിലവാര സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ടെണ്ടർ നോട്ടീസ് പ്രകാരം ഇത്തരത്തിലുള്ള ഗുണനിലവാരപരിശോധന നിഷ്കർഷിക്കാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പർച്ചേസ് ഓർഡർ നൽകിയതിനു ശേഷം ഗുണനിലവാര പരിശോധനാ സാക്ഷ്യപത്രത്തിനായി കത്ത് നൽകിയതിന്റെ സാംഗത്യം വ്യക്തമാക്കുന്നതിനായി നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പർച്ചേസ് ഓർഡർ നൽകുന്നതിനു മുമ്പായി ഗുണനിലവാരസാക്ഷ്യപത്രം ആവശ്യപ്പെട്ടിരുന്നുവെന്ന് സെക്രട്ടറി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

<u>പദ്ധതി മോണിറ്ററിംഗിന്റെ അഭാവം</u>

പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം നടത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പ്രോജക്ട് പ്രകാരം വാങ്ങൽ ഘട്ടം, ഗുണമേന്മ ഇവ മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘടകങ്ങൾ ആണ്. പദ്ധതി നടത്തിപ്പിനായി സിഡ്കോ പോലെയുള്ള ഗവൺമെന്റ് അംഗീകൃത ഏജൻസികളെ സമീപിച്ചിട്ടുള്ളതായോ വിലയും ഗുണനിലവാരവും താരതമ്യം ചെയ്യാൻ ശ്രമം നടത്തിയതായോ ഉള്ള രേഖകൾ ഫയലിൽ ഇല്ല. എന്നാൽ സിഡ്കോ, ഒറ്റപ്പാലം സിൽക് എന്നീ സ്ഥാപനങ്ങളെ ഇതിനായി സമീപിച്ചിരുന്നെങ്കിലും 21.06.17 ലെ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഇല്ല എന്നും ഒരു കട്ടിലിന്റെ വില 4350 രൂപയിലും അധികരിക്കുമെന്നും സിഡ്കോ അറിയിച്ചതായി സെക്രട്ടറിയുടെ മറുപടിയിൽ പറയുന്നു. തുടർച്ചയായതും കൃത്യമായതുമായ ഒരു മോണിററിംഗ് പദ്ധതിയുടെ ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ലെന്ന് അഭിപ്രായപ്പെടുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

- പദ്ധതി രൂപീകരണത്തിനായി ഗ്രാമപഞ്ചായത്തിനെ ഒരു സമഗ്ര യൂണിറ്റായി കണ്ട് ആവശ്യകത മൊത്തത്തിൽ വിലയിരുത്തേണ്ടതും അതനുസരിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.
- പദ്ധതിക്കായുള്ള മുൻഗണനാ മാനദണ്ഡങ്ങൾ ഓരോ പദ്ധതിയുടെയും പ്രത്യേക സ്വഭാവത്തിനനുസൃതമായി തയ്യാറാക്കേണ്ടതും മുൻഗണനാ മാനദണ്ഡങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്ത് ചിട്ടപ്പെടുത്തേണ്ടതുമാണ്.
- അപേക്ഷകൾ ബന്ധപ്പെട്ട കർമ്മസമിതി മാനദണ്ഡങ്ങൾക്കനുസരിച്ച് കൃത്യമായി പരിശോധിക്കേണ്ടതും മുൻഗണനാലിസ്ററ് തയ്യാറാക്കിയതിനുശേഷം രണ്ട് ഫീൽഡ് ലെവൽ ഓഫീസർമാർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രങ്ങൾ അതത് അധികാരികളിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- വാങ്ങൽ നടപടികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയ്ക്കനുസൃതമായിരിക്കേണ്ടതാണ്. സാധനത്തിന്റെ ഗുണനിലവാരം അംഗീകൃത ഏജൻസിയിൽ നിന്നും ഉറപ്പു വരുത്തേണ്ടതാണ്.
- പദ്ധതി നിർവ്വഹണം അനാവശ്യമായ വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കാതെ പദ്ധതി രൂപീകരണം മുതലുള്ള ഓരോ ഘട്ടങ്ങളിലും സുതാര്യത ഉറപ്പു വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള 2030 ലെ വയോജനസൗഹൃദഗ്രാമം എന്ന വികസനലക്ഷ്യം സാധ്യമാക്കുന്നതിനായി വികസനോന്മുഖവും വയോജനങ്ങളുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുതകുന്നതും ആയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്

ഭരണാധികാരികളും നിർവ്വഹണോദ്യോഗസ്ഥരും ഒറ്റക്കെട്ടായി പരിശ്രമിക്കേണ്ടതാണ്.

## 3-3 അംഗീകരിച്ച വിഭവ സ്രോതസ്സിൽ നിന്നും വ്യതിചലിച്ച് പദ്ധതി ചെലവ് നടത്തി

പ്രൊജക്ട് നം. - 48/18 (സ്പിൽ ഓവർ)
പ്രൊജക്റ്റിന്റെ പേര് - ആശ്രയ പദ്ധതി വനിതാ കുടുംബനാഥ വീട്
നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 250000രൂപ വകയിരുത്തി ആവിഷ്കരിച്ച ആശ്രയ പദ്ധതി വനിതാ കുടുംബനാഥ വീട് എന്ന പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്താവായ സുനിത.എൻ എന്ന വനിതയ്ക്കാണ് വീട് നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകിയിട്ടുള്ളത്. 2016-17 ൽ 100000 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 2017-18 ൽ സ്പിൽ ഓവർ പ്രൊജക്ട് ആയി തുടർന്നു വരുകയും (ഭരണാനുമതി തീരുമാനം നം.1(3), തിയ്യതി-27-5-17) ബാക്കി തുക 150000 രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിഭവ സ്രോതസ്സ്, 2 വർഷങ്ങളിലെയും ചെലവ് മുതലായവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിഭവ സ്രോതസ്സ് | 2016-17 | | 2017-18 | | ബിൽ നം./തിയതി/ തുക |
|---|---|---|---|---|---|
| | അന്തിമ വകയിരുത്തൽ | ചെലവ് | ബാക്കി നിൽപ് | ചെലവ് | |
| വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം) | 100000 | 100000 | 0 | 75000 | 1/7-7-17 /75000 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 150000 | 0 | 150000 | 75000 | 1) 5/5-8-17 /50000 2)13/31-1-18 /25000 |
| ആകെ | 250000 | 100000 | 150000 | 150000 | |

തൻവർഷത്തെ ചെലവ് രേഖകൾ പരിശോധിച്ചതിൽ 2016-17 വർഷത്തെ ചെലവിനു ശേഷം ബാക്കി ഉണ്ടായിരുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റായ 150000 രൂപയിൽ നിന്നു മാത്രമല്ല ചെലവുണ്ടായിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 75000 രൂപയും ധനകാര്യ

കമ്മീഷൻ ഗ്രാന്റിൽ നിന്നും 75000 രൂപയുമാണ് ചെലവു നടന്നിട്ടുള്ളത്. ഡി.പി.സി അംഗീകരിച്ച പ്രൊജക്റ്റ് പ്രകാരം (നം.500/2017/DPC/DPO/PKD തീ-13-6-2017) ഈ പദ്ധതിക്കായി വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം) ഫണ്ടിനത്തിൽ ബാക്കിയുണ്ടായിരുന്നത തുക പൂജ്യം ആണ്. ചെലവു നടത്താൻ അംഗീകാരം നൽകിയിട്ടുള്ളത് ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും മാത്രമാണ്. അംഗീകരിച്ച പ്രൊജക്റ്റ് പ്രകാരമുള്ള ഫണ്ടിനത്തിൽ നിന്നും വ്യതിചലിച്ച് ചെലവു നടത്താനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11, തീ-26-7-2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത് ഇപ്രകാരമാണ്, "റിക്വിസിഷൻ കൊടുത്തത് ധനകാര്യ കമ്മീഷൻ ഗ്രാന്റിനു വേണ്ടിയാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ചത് ഇപ്രകാരമാണ്. സാങ്കേതിക തകരാറു മൂലമാണ് ഫണ്ട് മാറിപ്പോയതെന്ന് കരുതുന്നു." ഇത്തരത്തിൽ പ്രൊജക്റ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും, ഭരണസമിതി തീരുമാനവും ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും</u>

1. നിർവ്വഹണോദ്യോഗസ്ഥൻ വെബ് സാംഖ്യ വഴി സമർപ്പിച്ച റിക്വിസിഷൻ പരിശോധിക്കാൻ നിലവിൽ സോഫ്റ്റ്‌വെയർ പ്രകാരം വ്യവസ്ഥയില്ല. ആയതിനാൽ ഫണ്ടിനം വകമാറാൻ ഇടയായ സാഹചര്യം നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച റിക്വിസിഷനിൽ ഫണ്ടിനം തെറ്റായി രേഖപ്പെടുത്തിയതാണോ എന്നു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ തലങ്ങളിലുള്ള വിവരങ്ങൾ തുടർന്ന് പരിശോധിക്കാൻ ആവശ്യമായ വ്യവസ്ഥകൾ വെബ് സാംഖ്യയിൽ ഉൾപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച റിക്വിസിഷൻ സെക്രട്ടറി, പ്രസിഡണ്ട് എന്നീ തലങ്ങളിൽ പരിശോധിച്ച് ചെലവനുമതിക്കു വിധേയമായി മാത്രമാണ് ഫണ്ട് അനുവദിക്കാൻ കഴിയുക. ഓരോ ചെലവിനത്തിനുമായി പരിധികൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ പരിധികൾ മറികടന്നിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടു മാത്രമേ ചെലവനുമതി നൽകുന്നുള്ളൂ എന്ന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

3. സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായിട്ടുള്ള ഐ.കെ.എം ന്റെ ചെലവു പത്രിക പ്രകാരവും തൻവർഷത്തിൽ അടങ്കൽ ഇല്ലാത്ത ഒരു ഫണ്ടിനത്തിൽ നിന്നാണ് ചെലവു രേഖപ്പെടുത്തിയിട്ടുള്ളത്. സോഫ്റ്റ്‌വെയർ പ്രകാരമുള്ള അത്തരത്തിലുള്ള ചെലവു നിയന്ത്രണത്തിന്റെ കൃത്യത പരിശോധിച്ച് ആവശ്യമെന്ന് തോന്നുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017, ഖണ്ഡിക നം.6.8.4) പ്രകാരം അംഗീകാരം ലഭിച്ച ഒരു പ്രൊജക്റ്റിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി വരുത്തി നിശ്ചയിക്കുകയാണെങ്കിൽ അപ്രകാരം ഭേദഗതി വരുത്തി ഭരണസമിതി അംഗീകരിച്ച ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അംഗീകാരം തേടേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തെ പദ്ധതി നിർവ്വഹണവേളയിൽ ഇത്തരം സാഹചര്യങ്ങൾ ഉണ്ടെങ്കിൽ ഈ നടപടികൾ പാലിച്ചതിനു ശേഷം മാത്രമേ പ്രൊജക്റ്റിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ തുടരുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 3-4 ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം - പദ്ധതി രൂപീകരണവും മോണിറ്ററിംഗും

1. പദ്ധതി രൂപീകരണത്തിലെ ന്യൂനതകൾ - 2 പദ്ധതികൾ നടപ്പിലാക്കിയില്ല

2017-18 ൽ ആവിഷ്കരിച്ചതും, 2016-17 വർഷത്തിലെ സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ ആകെ 9 പ്രൊജക്ടുകൾക്കാണ് തൻവർഷത്തിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി ഡി.പി.സി യുടെ അംഗീകാരം ലഭ്യമായിട്ടുള്ളത്. അവയിൽ 7 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വനിതാ കുടുംബനാഥ വീട് ബലപ്പെടുത്തൽ, ആശ്രയ - വീട് ബലപ്പെടുത്തൽ എന്നീ 2 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഇവ നടപ്പിലാക്കാത്തതിന്റെ കാരണം ഓഡിറ്റ് അന്വേഷണം (നം.11, തീയതി- 26-7-2018) വഴി ആവശ്യപ്പെട്ടപ്പോൾ, "വനിതാ കുടുംബനാഥ വീട് ബലപ്പെടുത്തൽ എന്ന പദ്ധതി വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം ലഭിച്ചത്. എന്നാൽ 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017, ഖണ്ഡിക - 12.13.2(6)) പ്രകാരം ഈ പ്രൊജക്ട് നടപ്പിലാക്കാൻ കഴിയാത്തതു കൊണ്ടാണ് ഉപേക്ഷിച്ചത്" എന്നും "ആശ്രയ പ്രൊജക്ടിൽ ആനുകൂല്യം ആവശ്യമായ ആരും തന്നെ നിലവിൽ ഇല്ല എന്ന കാരണത്താലാണ് ആശ്രയ - വീട് ബലപ്പെടുത്തൽ എന്ന പദ്ധതി നടപ്പിലാക്കാതിരുന്നത്" എന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഇതേ ഉത്തരവിന്റെ ഖണ്ഡിക നം.5.7 -ൽ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്കും ഖണ്ഡിക നം.6.4 -ൽ പ്രൊജക്ട് തയ്യാറാക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ട പൊതുവായ ഘടകങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. *സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥരും ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത എന്നിവ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ഉറപ്പു വരുത്തുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളും ഉറപ്പു വരുത്താത്തതിനാലാണ് ഇത്തരത്തിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.* വിജയ സാദ്ധ്യതയുള്ള പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതികൾ അംഗീകാരം വാങ്ങിയിരുന്നെങ്കിൽ ഈ തുക ഉപയോഗയോഗ്യമായ പദ്ധതികൾക്ക് വിനിയോഗിക്കാമായിരുന്നു എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

2.കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനും സ്പിൽ ഓവർ പ്രവൃത്തികളായി തുടരുന്നതിനും ഇടയാക്കുന്നു.

വി.ഇ.ഒ നടപ്പിലാക്കിയ 7 പദ്ധതികൾ നടപ്പിലാക്കിയതിൽ 4 എണ്ണവും സ്പിൽ ഓവർ പദ്ധതികളാണ്. ഭവനപുനരുദ്ധാരണം, മേൽക്കൂര നവീകരണ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതെ സ്പിൽ ഓവറായി തുടർന്നു വരുന്നത് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ചയുണ്ടാവുന്നതായും, യഥാസമയം മോണിറ്ററിംഗ് നടത്തേണ്ട ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കൾ പണിപൂർത്തീകരിക്കാത്തത് സംബന്ധിച്ച് ചർച്ചചെയ്യുകയോ, പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. "വളരെ താഴെത്തട്ടിലുള്ളവർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നതിനാലാണ് പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതെന്ന്" എക്സിറ്റ് മീറ്റിംഗ് വേളയിൽ വൈസ് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഭൂരിഭാഗം യോഗ മിനിട്ട്സിലും വിവിധ ശുപാർശകൾ ഉയർന്നു വന്നിട്ടുള്ളതു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ നോട്ടച്ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-5 മൃഗസംരക്ഷണ മേഖലയിൽ തൻവർഷം പദ്ധതികൾ നടപ്പിലാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിൽ തൻവർഷം യാതൊരു പദ്ധതിയും ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. 2016-17 വർഷത്തിലെ കിടാരി വിതരണം എന്ന പ്രൊജക്ടിന് സ്പിൽ ഓവർ

പ്രൊജക്ടായി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ചെലവു പത്രിക പരിശോധിച്ചതിൽ പദ്ധതി പ്രകാരം ചെലവുകളൊന്നും ഉണ്ടായിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം. - 44/2018

പ്രൊജക്ടിന്റെ പേര് - കിടാരി വിതരണം

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - 3325000 (1237500 -എസ്.സി.പി+2087500-ഗുണഭോക്തൃ വിഹിതം)

പ്രൊജക്ട് നടപ്പിലാക്കാതിരിക്കാനുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2, തീയതി-20-7-18) നിർവ്വഹണോദ്യോഗസ്ഥൻ വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്. "167 വനിതകൾക്ക് 20000 രൂപ വിലമതിക്കുന്ന കിടാരികൾ വാങ്ങുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ 40 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റാണ് പഞ്ചായത്തിൽ നിന്നും ലഭിച്ചത്. ഇതിൽ സബ്സിഡി തുക 7500 രൂപ കഴിച്ച് ബാക്കി ഗുണഭോക്തൃ വിഹിതം 12500 രൂപ അടക്കാൻ തയ്യാറായവർ 2 പേർ മാത്രമാണ്. ആയതിനാൽ സപ്ലിമെന്ററി ലിസ്റ്റ് ആവശ്യപ്പെട്ട് പഞ്ചായത്തിലേയ്ക്ക് കത്ത് അയച്ചിരുന്നുവെങ്കിലും ലഭ്യമായതായി കാണുന്നില്ല." എന്നുമാണ് മറുപടിയിൽ വിശദമാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ ബജറ്റ്, മൃഗസംരക്ഷണ മേഖല ഉൾപ്പെടുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ്, സ്റ്റാറ്റസ് റിപ്പോർട്ട്, വികസനരേഖ എന്നിവ ഓഡിറ്റിൽ പരിശോധനാ വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിരീക്ഷിക്കപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

- 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരം ഉത്പാദന മേഖലയിലെ മൃഗസംരക്ഷണം മാത്രം ലക്ഷ്യമിട്ട് പ്രതീക്ഷിത പ്ലാൻ റവന്യൂ ചെലവിനായി വകയിരുത്തിയിട്ടുള്ളത് 2400000/- രൂപയാണ്. തൻവർഷം യാതൊരു ചെലവും ഉണ്ടായിട്ടില്ലാത്തതിനാൽ ബജറ്റും പദ്ധതി നിർവ്വഹണവും താരതമ്യപ്പെടുത്തുമ്പോൾ ഉണ്ടായിട്ടുള്ള അന്തരം പ്രകടമാണ്.

- പ്രധാന കൃഷി നെല്ല് ആയ ഗ്രാമപഞ്ചായത്തിൽ അനുബന്ധ മേഖലയായ മൃഗസംരക്ഷണത്തിന് വളരെ പ്രാധാന്യം അർഹിക്കുന്നതായും, ഭൂരിഭാഗം ആളുകളും, കർഷകരും, കർഷക തൊഴിലാളികളും ഉപതൊഴിലായി കന്നുകാലികളെയും മറ്റ് വളർത്തു മൃഗങ്ങളെയും വളർത്തുന്നുണ്ട് എന്നും വികസനരേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളും, ആയത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സാദ്ധ്യതകളും ഉൾപ്പെടെ വികസനരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

- 'മൃഗസംരക്ഷണവും ക്ഷീര വികസനവും' വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ ആട്ടു വളർത്തൽ, തീറ്റപ്പുൽകൃഷി, മൃഗാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയ നിരവധി ശുപാർശകളും, തീരുമാനങ്ങളും മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുൾപ്പെടെയുള്ളവ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്നിട്ടുണ്ടെങ്കിലും തൻവർഷം ഇവയൊന്നും പരിഗണിക്കപ്പെട്ടിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു.

- മൃഗങ്ങളുടെ രോഗപ്രതിരോധ ആരോഗ്യപരിപാലന പദ്ധതികളുടെയും, മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താത്തതിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നതിന്റെ കൃത്യത പരിശോധനാവിധേയമാക്കേണ്ടതാണ്.

- വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുൻപായി വായ്പാ ബന്ധിത പ്രൊജക്ടുകളുടെ വായ്പാ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ആസൂത്രണ സമിതിയുടെയും വർക്കിംഗ്

ഗ്രൂപ്പുകളുടെയും നേതൃത്വത്തിൽ അതാത് തലത്തിലുള്ള ബാങ്കേഴ്സ് കമ്മിറ്റികളുമായി ചർച്ച നടത്തി യോചിച്ച നടപ്പിലാക്കാവുന്ന പ്രൊജക്ടുകളെക്കുറിച്ച് കൂടിയാലോചിച്ച് അത്തരത്തിലുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലായിരിക്കണം വായ്പാബന്ധിത പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത്.

## 3-6 പശ്ചാത്തല മേഖല - പദ്ധതി രൂപീകരണവും, നിർവ്വഹണവും

2017-18 സാമ്പത്തിക വർഷത്തെ പശ്ചാത്തല മേഖലയിലെ പദ്ധതി രൂപീകരണം (പൊതുമരാമത്ത്, വൈദ്യുതിയും ഊർജ്ജവും, കുടിവെള്ളം,ശുചിത്വം ഉൾപ്പെടെ) സ.ഉ (എം.എസ്) 10/2017/ത.സ്വ.ഭ.വ /9.1.2017 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.

1. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ അതാത് സ്റ്റാറ്റസ് റിപ്പോർട്ടുകൾ അംഗീകരിച്ചിട്ടില്ല.

2.പൊതുമരാമത്ത് അവസ്ഥാ വിശകലനം - സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാന വിവരങ്ങൾ പൂർണ്ണമല്ല. റോഡുകളുടെ സ്ഥിതി വിവരങ്ങളിൽ അറ്റകുറ്റപണി നടത്തേണ്ടവ, പുതുതായി നിർമ്മിക്കേണ്ടവ എന്നിവയുടെ നീളം ഉൾപ്പെടുത്തിയിട്ടില്ല. കലുങ്ക്, പാലം, നടപ്പാലം അറ്റകുറ്റപണി നടത്തേണ്ടവ, പുതുതായി നിർമ്മിക്കേണ്ടവ എന്നിവയുടെ എണ്ണം ഇല്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, തദ്ദേശഭരണ ഓഫീസുകൾ/കൈമാറ്റം കിട്ടിയ സ്ഥാപനങ്ങൾ, വൃദ്ധ സദനങ്ങൾ, ഹോസ്റ്റലുകൾ, ബസ് സ്റ്റാന്റുകൾ, കുടിവെള്ളം അടിസ്ഥാന വിവരങ്ങൾ ഇല്ല.

3. ഊർജ്ജ വികസനം, കുടിവെള്ളം മേഖല- അടിസ്ഥാന വിവരങ്ങൾ , അവസ്ഥാ വിശകലനം ഉൾപ്പെടുത്തിയിട്ടില്ല.

4. മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ ഇല്ല.

പദ്ധതി രൂപീകരണത്തിനു മുൻപ് അടിസ്ഥാന വിവരങ്ങളുടെ വിശകലനം, മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ, പദ്ധതി പൂർത്തീകരണത്തിനുശേഷമുള്ള മോണിറ്ററിങ്ങ് തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ/വികസന സ്റ്റാൻഡിങ്ങ് കമ്മറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് പ്രവർത്തികളുടെ പ്രൊജക്ടുകളിൽ ചെയ്നേജ് ഉൾപ്പെടുത്തേണ്ടതും, റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.

ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ 16.11.2013 (12-ാം പദ്ധതി) ൽ അനുശാസിക്കും പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളിൽ നിന്നും, പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അനുബന്ധം 11പ്രകാരമുള്ള പ്രൊഫോർമയിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സ്വരൂപിച്ച് ആസ്തി സംരക്ഷണ പരിപാലന പദ്ധതി രൂപീകരിക്കേണ്ടതാണ്.ആസ്തി വിവരങ്ങൾ കാലികമാക്കുന്നതിനോടൊപ്പം മുൻഗണനാ ക്രമമനുസരിച്ച് ആസ്തി ഇൻഡക്സ് നമ്പർ നൽകി ആസ്തി പരിപാലന പട്ടികയും തയ്യാറാക്കാവുന്നതാണ്.

## 3-7 കുടിവെള്ളപദ്ധതികളുടെ നിർവ്വഹണം

സാമ്പത്തിക വർഷം നിർവ്വഹിച്ച കുടിവെള്ളപദ്ധതികളുടെ നിലവിലെ സ്ഥിതി, നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് അന്വേഷണത്തിന് (നം-13/26.07.18) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച വിശദീകരണം പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | പദ്ധതി | അടങ്കൽ | ചെലവ് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 150/18 | കിണറേരിപ്പാടം പുല്ലുവായ്ക്കുളമ്പ് | 261000 | 124438 | പ്രവർത്തി പൂർത്തീകരിച്ച് ഗുണഭോക്തൃ കമ്മറ്റിക്ക് കൈമാറി |
| 105/18 | കുട്ടപ്പുര കരുമത്ത്കളം | 272000 | 258071 | ടി |
| 145/17 | അമ്പലപ്പറമ്പ് എസ്.സി കോളനി | 297000 | 251564 | ടി |
| 144 | കുറുപ്പത്ത്പാടം | 110000 | 77151 | 2017-18 ൽ ബോർവെൽ മാത്രം പൂർത്തീകരിച്ചു. 2018-19 ൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| 149 | പരപ്പരകുളമ്പ് | 110000 | 110000 | 2016-17,2017-18 വർഷങ്ങളിൽ ബോർവെൽ ചെയ്തെങ്കിലും ജലലഭ്യത ഇല്ല. ഭൂഗർഭ ജല വകുപ്പിന്റെ ഫീസിബിലിറ്റി ലഭ്യമായ ശേഷമാണ് ബോർവെൽ കുഴിച്ചിട്ടുള്ളത്. |

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 ലെ നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്. നിലവിൽ പൊതു വിഭാഗ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തിയിട്ടില്ല. ആയത് വകയിരുത്താവുന്നതാണ്.

## 3-8 മരാമത്ത് പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

താഴെ പറയുന്ന സ്പിൽ ഓവർ റോഡ് ടാറിങ്ങ് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവർത്തി പൂർത്തീകരണത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ - ജി.ഒ (പി) 13/2012/PWD/ 01-02-2012 – സെക്ഷൻ 2112,2112-1 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം കരാർ ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ എ.ഇ മുഖേന അപേക്ഷിച്ച് ആയതിന് വികസന സ്റ്റാൻഡിങ്ങ് കമ്മറ്റി/ പഞ്ചായത്ത് ഭരണസമിതി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിക്കുന്ന പ്രവർത്തികൾ അനധികൃതമാണ്. ആയതിന് തുക നൽകാവുന്നതല്ല.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രവർത്തി |
|---|---|---|
| 2 | 80 | തുമ്പലാംപൊറ്റ എസ്.സി കോളനി റോഡ് |
| 3 | 79 | അംബേദ്കർ റോഡ് റീടാറിങ്ങ് |
| 4 | 67 | മുല്ലയ്ക്കൽ കുളമ്പ് റോഡ് |
| 5 | 98 | മരുതംപാടം എസ്.സി കോളനി റോഡ് |
| 6 | 87 | കാക്കരക്കളം- വളർത്തുകാട്-പുത്തൻകുളം റോഡ് |
| 7 | 71 | കാരപറമ്പ് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് |
| 8 | 65 | കോരത്ത്പറമ്പ് റോഡ് |
| 9 | 96 | മന്ദംപുള്ളിത്തറ റോഡ് |
| 10 | 77 | കൗണ്ടർത്തറ കൊക്കർണിപാടം റോഡ് |
| 11 | 76 | കീഴ്ച്ചിറ റോഡ് |
| 12 | 70 | ചമ്പക്കുളം റോഡ് |
| 13 | 168 | അമ്പലപ്പറമ്പ് എസ്.സി കോളനി റോഡ് |

പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-13/26.07.18) ടാറിന്റെ ലഭ്യതക്കുറവ് കാരണമാണ് പ്രവർത്തി പൂർത്തീകരണം വൈകിയത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം സമർപ്പിച്ചിട്ടുള്ളത്. പ്രവർത്തി പൂർത്തീകരണത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ - ജി.ഒ (പി) 13/2012/PWD/ 01-02-2012 – സെക്ഷൻ 2112,2112-1 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. കൂടാതെ സപ്ലിമെന്ററി കരാറിലെ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

## 3-9 പൊതുമരാമത്ത് പ്രവർത്തികൾ - രേഖകളുടെ സൂക്ഷിപ്പ്

2017-18 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹിച്ച മരാമത്ത് പ്രവർത്തികൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

2.കരാറുകാരുമായുള്ള എഗ്രിമെന്റുകളിലെ (പ്രിലിമിനറി, ഒറിജിനൽ, സപ്ളിമെന്ററി) വ്യവസ്ഥകൾ

കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

3. ടെണ്ടർ രജിസ്റ്റർ, സെലക്ഷൻ നോട്ടീസ് എന്നിവയിൽ പഞ്ചായത്ത് തീരുമാനം രേഖപ്പെടുത്തുന്നില്ല.

4.സൈറ്റ് കൈമാറുന്ന acknowledgement ൽ തീയതി രേഖപ്പെടുത്തുന്നില്ല.

5. എം-ബുക്കുകളിൽ റോഡ് പ്രവർത്തികളുടെ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ കൃത്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കാർഷികമേഖലയിൽ ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

പ്രധാനമായും കാർഷിക പശ്ചാത്തലമുള്ള ഗ്രാമപഞ്ചായത്തിന് 13ാം പഞ്ചവത്സരപദ്ധതി കാലയളവിൽ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്നും പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് വിലയിരുത്തലാണ് ഓഡിറ്റ് ലക്ഷ്യം . ഇതിനായി കൃഷി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് , കൃഷിഭവനിൽ നിന്നുള്ള അടിസ്ഥാനവിവരങ്ങൾ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ കാർഷികമേഖലയിൽ തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകൾ ഇവ പരിശോധനയ്ക്ക് വിധേയമാക്കി.

ആകെ 1738 ഹെക്ടർ ഭുവിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിന്റെ 1023 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാണ്. കൃഷിയോഗ്യമായ1023 ഹെക്ടറിൽ 840 ഹെക്ടർ സ്ഥലവും നെൽവയലാണ്. ഇതിൽ 804 ഹെക്ടർ വയലിലും നെൽകൃഷി ചെയ്യുന്നു. 2017-18 വർഷത്തെ കണക്ക് പ്രകാരം നെല്ലിന്റെ മൊത്തം ഉല്പാദനം 7739 ടൺ ആണ്. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും നെല്ലുല്പാദനത്തിന്റെ അളവും പടിപടിയായി വർദ്ധിപ്പിക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. തെങ്ങ് വാഴ പച്ചക്കറികൾ എന്നിവയുടെ കൃഷിയും ചെറിയ തോതിൽ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മനസ്സിലാകുന്നു. ഓരോ വർഷവും ഓരോ സീസണിലും കാലാവസ്ഥയും ജലസേചനസൗകര്യങ്ങളുമനുസരിച്ച് നെല്ലുല്പാദനത്തിന്റെ അളവിൽ മാറ്റമുണ്ടാകുന്നതായി കൃഷി ഓഫീസർ അറിയിച്ചു.

കാർഷിക മേഖലയിൽ സമഗ്രനെൽകൃഷിവികസനം എന്ന പ്രോജക്ട് മാത്രമാണ് ഈ വർഷം നടപ്പിലാക്കിയിരിക്കുന്നത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് 21/18

വികസനഫണ്ട് -3782500

ജില്ലാപഞ്ചായത്ത് വിഹിതം-2225000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1557500

ആകെ വകയിരുത്തിയ തുക 7565000 രൂപയിൽ 7554168 രൂപയും പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പരമാവധി സബ്സിഡി തുക നൽകുന്നതിന് ഈ തുക പര്യാപ്തമല്ലെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. നെൽകൃഷിക്കായുള്ള കൂലിച്ചെലവ് സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിനും പാടശേഖരസമിതികളെ പരസ്പരം ബന്ധിപ്പിക്കുന്ന രീതിയിൽ ജലസേചനസൗകര്യമൊരുക്കുക, തടയണകൾ നിർമ്മിക്കുക, കാഡാചാലുകൾ വൃത്തിയാക്കുക തുടങ്ങിയ പദ്ധതികൾ രൂപീകരിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പുകളിൽ നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന രണ്ട് കാർഷിക തൊഴിൽസേനകളാണ് നെൽകൃഷിക്കാവശ്യമായ തൊഴിലാളികളെയും കാർഷിക യന്ത്രങ്ങളും വിതരണം ചെയ്യുന്നത്. ഇവയുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത കാർഷികയന്ത്രങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടതാണ്.

പഞ്ചയത്ത് പ്രദേശത്ത് 25 ഹെക്ടർ ഭൂമി തരിശായിക്കിടക്കുന്നതായി സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കാണുന്നു. തരിശുനിലങ്ങളിൽ ഭൂരിഭാഗവും വിവിധ വ്യവഹാരങ്ങളിൽപ്പെട്ടു കിടക്കുന്നതിനാൽ ഇവിടെ കൃഷി നടത്തുന്നതിന് സാധിച്ചിട്ടില്ലെന്ന് കൃഷി ഓഫീസർ അറിയിച്ചു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും പൊതുശ്രദ്ധയിൽക്കൊണ്ടു വരേണ്ടതുമാണ്. സാമൂഹ്യവനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ, വനിതകൾക്കായുള്ള ഗ്രോബാഗ് നിർമ്മാണം ,മണ്ണ് പരിശോധനാകേന്ദ്രം ആരംഭിക്കുക ,നെല്ല് ഗവേഷണ കേന്ദ്രം സ്ഥാപിക്കുക, നെല്ല് സംസ്കരണയൂണിറ്റ് ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പുകളിൽ ഉയർന്നു വന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കാനായിട്ടില്ല.

കാർഷികമേഖലയുടെ വികസനത്തിനും സ്വയംപര്യാപ്തതയ്ക്കും ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 3-11 പി.എച്ച്.സി മെയ്ന്റനൻസ് - സേവന നികുതി ഒടുക്ക് ഉറപ്പുവരുത്തേണ്ടതാണ്

പി.എച്ച്.സി മെയിന്റനൻസ് (പ്രൊജക്ട് നം-73/17) എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 10.5% സേവന നികുതി ഉൾപ്പെടുത്തിയതനുസരിച്ച് ആകെ പ്രവർത്തി മൂല്യമായ 361991/-രൂപയിൽ നിന്ന് 38009/-രൂപ കുറച്ചാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ആയത് അടവാക്കിയതിന്റെ രസീത് (E-Receipt for central S.T payments) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ ഒടുക്ക് ഉറപ്പ് വരുത്തിയതിനു ശേഷം രസീത് ഹാജരാക്കുന്ന മുറയ്ക്ക് കരാറുകാരന് മേൽ തുക നൽകേണ്ടതാണ്.

# 3-12 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ

## കേന്ദ്രസഹായത്തിൽ ബാക്കിയായ തുക ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയത് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികൾ | 17 |
| സ്വന്തമായി കെട്ടിടമുള്ളവ | 13 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| കുടിവെള്ള സൗകര്യമുള്ളവ | 11 |
| വൈദ്യുതീകരിച്ചവ | 10 |
| ചുറ്റുമതിൽ ഉള്ളവ | 10 |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 17 |
| ഫുഡ് കണ്ടയ്നർ ഉള്ളവ | 17 |

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ കണക്കു പ്രകാരം പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമായ കേന്ദ്രവിഹിതത്തിൽ 1141729 രൂപ 31-3-2018 പ്രകാരം അവശേഷിക്കുന്നുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിലുള്ള കുടിവെള്ള ടാങ്ക്, ചുറ്റുമതിൽ, സ്വന്തമായി കെട്ടിടം, നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് തുടങ്ങിയ ആവശ്യങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന കേന്ദ്രവിഹിതം ഇത്തരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുൻഗണന പരിശോധിച്ച് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

# 3-13 വനിതാ ക്ഷേമ, വികസന പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

വനിതകളുടെ സാമൂഹ്യ – സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണെന്നും സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്നും 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017, ഖണ്ഡിക –13.3 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 ൽ വികസന ഫണ്ട് 3347500 രൂപ വകയിരുത്തിയെങ്കിലും 150000 രൂപ മാത്രമാണ് ചെലവു ചെയ്തിരിക്കുന്നത് ആയത് സ്പിൽ ഓവർ പദ്ധതിയുമാണ്. റിവോൾവിംഗ് ഫണ്ട്, വനിതാ കുടുംബനാഥ വീട് ബലപ്പെടുത്തൽ, കിടാരി

വിതരണം മുതലായ പ്രൊജക്റ്റുകൾക്ക് തുക വകയിരുത്തിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇവ നടപ്പിലാക്കിയിട്ടില്ല. വികസനഫണ്ട് (ജനറൽ), എസ്.സി.പി, ടി.എസ്.പി എന്നിവയുടെ ആകെ തുകയുടെ 10 ശതമാനം വരുന്ന തുക വകയിരുത്തിയെങ്കിലും മേൽ സൂചിപ്പിച്ച ഒരു സ്പിൽഓവർ പ്രൊജക്റ്റ് പ്രകാരമുള്ള 150000 രൂപ മാത്രമാണ് ചെലവുള്ളത് (ഓഡിറ്റ് അന്വേഷണം നം.18, തീയതി-27-7-2018)

വാർഡ് തലത്തിലും, പഞ്ചായത്ത് തലത്തിലും *ജാഗ്രതാ സമിതികൾ* രൂപീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കൃത്യമായ ഇടവേളകളിൽ ജാഗ്രതാ സമിതികൾ വിളിച്ചു ചേർക്കുകയും അവയുടെ പ്രവർത്തന മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ടോ എന്നും ഓഡിറ്റ് അന്വേഷണം നം.18, തീയതി-27-7-2018 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും സമിതി രൂപീകരിച്ചതിന്റെ രേഖകൾ, മിനിട്ട്സ് ബുക്ക്, ഇതുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ എന്നിവയൊന്നും തന്നെ ഹാജരാക്കുകയോ മറുപടിയിൽ വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. വനിതകളുടെ ക്ഷേമം, വികസനം എന്നിവ മുൻനിർത്തി പദ്ധതികൾ നടപ്പിലാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിലും അവയുടെ മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പു വരുത്തി ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തി സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിക്കാവുന്നതുമാണ്.

## 3-14 ഗ്രാമപഞ്ചായത്തിലെ കുടിവെള്ളവിതരണം

ആകെ 1738 Ha വിസ്തൃതിയോടു കൂടിയ 13 വാർഡുകൾ മാത്രമുള്ള കാർഷിക പശ്ചാത്തലമുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസാധ്യതകൾ വളരെ പരിമിതമാണ്. വരുമാനത്തിന്റെ ഒരു പ്രധാന ഭാഗം കുടിവെള്ള വിതരണം പോലെയുള്ള തനതു ചെലവുകൾക്കായി ഉപയോഗിക്കേണ്ടി വരുന്നുമുണ്ട്. മുഖ്യമായും പരിസ്ഥിതി സുരക്ഷ ലക്ഷ്യമിടുന്ന പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലയളവിൽ ജലവിതരണത്തേക്കാൾ ജലസംരക്ഷണത്തിനായിരിക്കണം ഊന്നൽ നൽകേണ്ടതെന്ന് പദ്ധതി മാർഗ്ഗരേഖ വ്യക്തമാക്കുന്നു. ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള വിതരണ സമ്പ്രദായത്തിന്റെ ചെലവുകൾ ഒരു പരിധി വരെയെങ്കിലും കുറച്ചു കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്നത് പരിശോധിക്കുകയായിരുന്നു ഓഡിറ്റ് ലക്ഷ്യം.

### കുടിവെള്ള വിതരണം - നിലവിലെ അവസ്ഥ

കുടിവെള്ളവിതരണത്തിനായി ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ചമ്പക്കുളം തങ്കയം എന്നീ രണ്ടു കുടിവെള്ളപദ്ധതികളും ഗുണഭോക്തൃസമിതികളാൽ നടത്തപ്പെടുന്ന 14 കുടിവെള്ളപദ്ധതികളും നിലവിലുണ്ട്. ചമ്പക്കുളം തങ്കയം കുടിവെള്ളപദ്ധതികളിലായി 255 ഗാർഹിക കണക്ഷനുകൾ മാത്രമാണുള്ളത്. ഗാർഹികേതര കണക്ഷനുകൾ ഇല്ല. കൂടാതെ കേരള ജല അതോറിറ്റിയുടെ കീഴിൽ 148 പൊതുടാപ്പുകളിലൂടെയും ശുദ്ധജലവിതരണം നടത്തുന്നു.

### കുടിവെള്ള വിതരണം -വരവ് ചെലവ് കണക്കുകൾ

ഗാർഹിക കണക്ഷനുകൾക്കായി പ്രതിമാസം ഈടാക്കുന്ന വാടക 31.03.18 വരെ 75 രൂപയായിരുന്നു. ഇത് 1.04.18 മുതൽ 100 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനും അനുബന്ധപ്രവർത്തികൾക്കുമായി വൻതുക ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ താരതമ്യം ചെയ്യുന്ന പട്ടിക താഴെ ചേർക്കുന്നു.

| വർഷം | വരവ് | | ചെലവ് | പൊതുടാപ്പുകളുടെ | ആകെ ചെലവ് |
|---|---|---|---|---|---|

| | കുടിശ്ശിക വരവ് | തൻ വർഷം വരവ് | ആകെ വരവ് | പമ്പ് ഓപ്പറേറർ വേതനം | ഇലക്ട്രി സിറ്റി ചാർജ്ജ് | അറ്റകുറ്റ പ്പണി | വെള്ളക്കരം | |
|---|---|---|---|---|---|---|---|---|
| 2016-17 | 95650 | 168560 | 264210 | 126000 | 258589 | 152807 | 777000 | 1314396 |
| 2017-18 | 87525 | 159050 | 246575 | 126000 | 195670 | 82058 | 777000 | 1180728 |

കഴിഞ്ഞ രണ്ടു വർഷങ്ങളിലെയും വരവ് ചെലവ് കണക്കുകൾ പരിശോധിക്കുമ്പോൾ കുടിവെള്ളവിതരണത്തിലൂടെ ലഭ്യമാകുന്ന തനത് വരുമാനത്തിന്റെ നാലിരട്ടിയിലധികം തുക കുടിവെള്ളവിതരണത്തിനായി ചെലവ് ചെയ്യുന്നതായി മനസ്സിലാക്കാം. തനതുവരുമാന സാധ്യതകൾ കുറവായ പഞ്ചായത്തിൽ ചെലവ് അധികരിച്ചു നിൽക്കുന്ന ഈ പ്രവണത ഗുണകരമല്ല. 251810 രൂപ വെള്ളക്കരം കുടിശ്ശിക ഇനത്തിലും നില നിൽക്കുന്നു. കുടിശ്ശികയടക്കമുള്ള ഡിമാന്റ് തുക കൃത്യമായി പിരിച്ചെടുക്കുന്നതിലും ചെലവ് ഗണ്യമായി കുറച്ചു കൊണ്ടു വരുന്നതിനും ശ്രമങ്ങൾ ഊർജ്ജിതമാക്കേണ്ടതാണെന്നും എന്നു വിലയിരുത്തുന്നു.

<u>പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല</u>

ഭരണസമിതിയുടെ 30.10.2017 ൽ കൂടിയ യോഗം പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നാളിതു വരെ നടപ്പിലാക്കിയിട്ടില്ല. അവസാനമായി ജല അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയത് 23.08.2014 ലാണ് . 30.05.2009 ലെ സ.ഉ(സാധാ) നം. 1275/2009 ലെ നിർദ്ദേശങ്ങളനുസരിച്ച് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകളുടെ എണ്ണം, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതാണ്. ഈ പ്രവർത്തി ജലവിതരണവും ശുചിത്വവും എന്ന മേഖലക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ നടപ്പിലാക്കേണ്ടതാണ്.

<u>നൽകിയ ഗാർഹിക കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് പൊതുടാപ്പുകൾ നീക്കം ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് 2014-15 സാമ്പത്തികവർഷം മുതൽ തന്നെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതികുടുംബങ്ങൾക്കായി ജല അതോറിറ്റിയുടെ വിതരണസമ്പ്രദായത്തിൽ നിന്നും ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് .

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി വിശദാംശങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2014-15 | 118/15,<br>അടങ്കൽ-163200<br>ചെലവ്-163200 | 32 |
| 2015-16 | 27/16,<br>അടങ്കൽ-135000<br>ചെലവ്- 129889 | 25 |
| 2017-18 | 51/18<br>അടങ്കൽ-344000<br>ചെലവ്- 108000 | 21 |
| ആനുകൂല്യം ലഭിച്ച ആകെ ഗുണഭോക്താക്കൾ | | 78 |

ആനുകൂല്യം ലഭ്യമായ പ്രദേശങ്ങളിൽ നിലവിൽ പൊതുടാപ്പുകൾ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ആ പ്രദേശത്തെ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ ആവശ്യത്തിനനുസരിച്ച് ക്രമീകരിക്കേണ്ടതും സ്കീമുകളിൽ നിന്നും ലഭ്യമാകേണ്ട വെള്ളക്കരം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഒരു പ്രത്യേക പ്രദേശത്തെ ആവശ്യക്കാരായ എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾക്കും കുടിവെള്ളലഭ്യത ഉറപ്പു വരുത്തിയതിനുശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ മുഴുവനായും നീക്കം ചെയ്യുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പക്ഷം പൊതുടാപ്പുകൾ പൂർണ്ണമായും നീക്കം ചെയ്യാവുന്നതും വെള്ളക്കരം ഇനത്തിൽ ജലഅതോറിറ്റിക്ക് നൽകുന്ന വൻതുകയുടെ ചെലവ് ഒഴിവാക്കാവുന്നതുമാണ്.

ഇത്തരത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിലേക്കും അനാവശ്യചെലവുകൾ ഒഴിവാക്കി കുടിവെള്ള വിതരണം ഫലപ്രദവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിലേക്കും ഭരണ നിർവ്വഹണ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 ഖരമാലിന്യസംസ്കരണ സംവിധാനമില്ല എം.ജി.ആർ സ്മാരക കമ്മ്യൂണിറ്റിഹാൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു

മാലിന്യസംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ സംവിധാനങ്ങൾ നിലവിലില്ല.

ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനോ പുനരുപയോഗിക്കുന്നതിനോ യാതൊരു സംവിധാനങ്ങളും ഒരുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനസ്രോതസ്സും വടവന്നൂരിലെയും തൊട്ടടുത്ത മൂന്ന് പഞ്ചായത്തുകളിലേയും പാവപ്പെട്ട ജനങ്ങളുടെ വിവാഹാദി ചടങ്ങുകൾ താരതമ്യേന കുറഞ്ഞ ചെലവിൽ നടത്താനുള്ള ഏക ആശ്രയവും ആയ ഡോ.എം.ജി.ആർ സ്മാരക കമ്മ്യൂണിറ്റിഹാൾ ശരിയായ മാലിന്യസംസ്കരണ സംവിധാനമില്ലാത്തതിനാൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ പ്രവർത്തനാനുമതി ഇല്ലാതെ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നു. നിലവിൽ കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലെ അവസ്ഥ വിലയിരുത്തുകയായിരുന്നു ഓഡിറ്റ് ലക്ഷ്യം. 2017-18 വർഷം കമ്മൂണിറ്റി ഹാൾ നവീകരണത്തിനായി വിവിധ പ്രവർത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

<u>മലിനീകരണ നിയന്ത്രണബോർഡിന്റെ നിർദ്ദേശങ്ങൾ</u>

പ്രവർത്തനാനുമതി നിർത്തലാക്കുന്നതിന് മുമ്പ് മലിനീകരണ നിയന്ത്രണബോർഡ് കമ്മ്യൂണിറ്റി ഹാളിന്റെ അപാകതകൾ പരിഹരിക്കുന്നതിനും പ്രകൃതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പ്രവർത്തിക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

- മലിനജലസംസ്കരണത്തിനായി ശാസ്ത്രീയമായ രീതിയിൽ സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് എന്നിവ നിർമ്മിക്കേണ്ടതാണ്. എല്ലാ മലിനജലവും ഇതിലേക്ക് എത്തുന്ന തരം പൈപ്പ്/പമ്പ് സ്ഥാപിക്കണം. സെപ്റ്റിക് ടാങ്കിന്റെ ഡിസൈൻ IS 2470(part-1)-1985 പ്രകാരമായിരിക്കണം. സോക്പിറ്റിന്റെ നിർമ്മാണം ചുറ്റും ഇടവിട്ട് കട്ടകൾ കെട്ടി കെട്ടിനു പുറത്തായി 75 സെ.മീ കനത്തിലെങ്കിലും മണൽ നിറയ്ക്കുകയും സോക്പിറ്റിന്റെ അടിഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതുമാണ്.
- ഖരമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയസംവിധാനം ഒരുക്കണം. ജൈവമാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ്/ബയോബിൻ/കംപോസ്റ്റ് രീതിയിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് പുനർചംക്രമണത്തിന് കൈമാറുകയുമാണ് വേണ്ടത്. പാഴ് കടലാസുകൾ മാത്രം പ്രത്യേകം തയ്യാറാക്കിയ 15 മീറ്റർ എങ്കിലും ഉയരത്തിലുള്ള പുകക്കുഴലോടു കൂടിയ ശാസ്ത്രീയമായി നിർമ്മിച്ച ഇൻസിനറേറ്ററിൽ കത്തിച്ചു കളയാവുന്നതാണ്.
- അടുക്കളയിൽ കഴിവതും എൽ.പി.ജി അടുപ്പുകളുപയോഗിക്കുക. വിറകടുപ്പുകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അനർട്ടിന്റെ പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കുക. ആവശ്യമായ ഉയരമുള്ള പുകക്കുഴലോടു കൂടിയതായിരിക്കണം ഇവ സ്ഥാപിക്കേണ്ടത്.

നിലവിലെ അവസ്ഥ

1) നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിനായി താഴെ പറയുന്ന പ്രവർത്തികൾ തൻവർഷം സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയിട്ടുണ്ട്.

| | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ഫണ്ട് | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 62/18, എം.ജി.ആർ കമ്മ്യൂണിറ്റിഹാൾ ചുറ്റമതിൽ അറ്റകുറ്റപ്പണി | 50000 | വികസനഫണ്ട് (പൊതു) | 50000 |
| | 103/18, കമ്മ്യൂണിറ്റിഹാൾ നവീകരണം | 495000 | വികസനഫണ്ട് | 494937 |
| | SO 104/18, കമ്മ്യൂണിറ്റിഹാൾ സെപ്റ്റിക് ടാങ്ക് റിപ്പയർ, നിർമ്മാണം | 233014 | വികസനഫണ്ട് (പൊതു) | 232911 |
| സെക്രട്ടറി | 174/18, കമ്മ്യൂണിറ്റിഹാൾ മൈക്ക് സെറ്റ് അനുബന്ധസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 13400 | വികസനഫണ്ട് (പൊതു) | 5350 |
| | SO 56/18, കമ്മ്യൂണിറ്റിഹാൾ മൈക്ക് സെറ്റ് വാങ്ങൽ | 5608 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 550 |

2)നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുടെ വിവരം

കല്യാണമണ്ഡപത്തിൽ ഖരമാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി 1100000 രൂപ വികസനഫണ്ടിൽ നിന്നും തൻവർഷം വകയിരുത്തിയിട്ടുണ്ട്. പ്രവർത്തി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ മുണ്ടൂർ ഐ.ആർ.ടി.സി യെ ഏൽപ്പിക്കുന്നതിനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത് . ഇതിനായി ഐ.ആർ.ടി.സി വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും നൽകിയിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ പദ്ധതി നടപ്പിലായിട്ടില്ല (പ്രോജക്ട് നം-169/18 ).

ഇൻസിനറേറ്റർ സംവിധാനം ഒരുക്കുന്നതിനുള്ള സാങ്കേതികപരിജ്ഞാനം ഇല്ലാത്തതിനാലും ഇൻസിനറേറ്റർ ഐ.ആർ.ടി.സിക്ക് സർക്കാർ അനുമതി നൽകിയ നിർവ്വഹണമേഖലയിൽ ഉൾപ്പെടാത്ത പ്രവർത്തി ആയതിനാലും ഐ.ആർ.ടി.സി പദ്ധതിയിൽ നിന്നും പിൻമാറിയതായും ഇൻസിനറേറ്റർ സംവിധാനമില്ലാതെ തന്നെ ശുചിത്വമിഷൻ നൽകുന്ന സാധ്യതാപഠനറിപ്പോർട്ടിന്റെ സഹായത്തോടെ ഖരമാലിന്യപ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തി ഐ.ആർ.ടി.സിയെക്കൊണ്ടു തന്നെ ചെയ്യിപ്പിക്കാവുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സെക്രട്ടറി പറയുന്നു. എന്നാൽ പിന്നീട് പ്രോജക്ട് പ്രൈവറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും സെക്രട്ടറി ഇതിന് വിയോജനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട് . പിന്നീട് നിർവ്വഹണരീതി ടെണ്ടർ നടപടികളിലൂടെ എന്നാക്കി പ്രോജക്ട് ഭേദഗതിചെയ്തതായും ബഹുവർഷപദ്ധതിയായി 1285000 രൂപ അടങ്കലിൽ പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭ്യമായതായും അറിയിച്ചു. 2017-18 സാമ്പത്തികവർഷത്തിൽ പദ്ധതിക്കായി ടെണ്ടർനടപടികളാരംഭിക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്യാത്തതിനാൽ ഈ വർഷം 2018-19 ൽ തുടരുന്നതിനായി ഈ വർഷത്തെ പദ്ധതിയിൽ നിന്നും തുക കണ്ടെത്തി പ്രസ്തുത പദ്ധതി നിലനിർത്തിയിട്ടുണ്ട് . നിലവിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്ന ഘട്ടത്തിൽ നിൽക്കുന്നു എന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചു.

ഓഡിറ്റ് നിരീക്ഷണം

ഐ.ആർ.ടി.സിയുടെയോ മറ്റ് ഏജൻസികളുടെയോ സഹായത്തോടെ പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഒരു ഖരമാലിന്യസംസ്കരണപ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം കല്യാണമണ്ഡപത്തിന് ഇല്ല. 30 സെന്റ് സ്ഥലത്തിന്റെ ഏകദേശം 80 ശതമാനത്തിലധികവും കെട്ടിടം സ്ഥിതി ചെയ്യുന്നു. കൂടാതെ ഈ പ്രദേശം ഇപ്പോൾ ജനവാസനിബിഡമാണ്. പ്ലാന്റ് നിർമ്മാണത്തിലോ തുടർന്നുള്ള ഉപയോഗത്തിലോ ഉണ്ടാകാനിടയുള്ള ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ വലിയതോതിലുള്ള പാരിസ്ഥിതികപ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റ്/ബയോബിൻ/ കംപോസ്റ്റ് സംവിധാനങ്ങൾ ഒരുക്കുക പാഴ്ക്കടലാസുകൾ മാത്രം കത്തിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുക പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക, എന്നീ പ്രവർത്തികൾ നടപ്പിലാക്കുകയും കമ്മ്യൂണിറ്റിഹാളിലും പരിസരത്തും പ്ലാസ്റ്റിക് കർശനനിരോധനം ഏർപ്പെടുത്തുകയും ചെയ്യുക വഴി നിലവിലുള്ള പ്രശ്നങ്ങൾ കൂടി പരിഹരിക്കുന്നതിനും മലിനീകരണനിയന്ത്രണബോർഡിന്റെ പ്രവർത്തനാനുമതി പുന: സ്ഥാപിക്കുന്നതിനും സാധിക്കും.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനും മലിനീകരണനിയന്ത്രണബോർഡിന്റെ പ്രവർത്തനാനുമതി പുന: സ്ഥാപിക്കുന്നതിനും ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുക. സാമൂഹ്യവിരുദ്ധരുടെ ശല്യം വാഹനബാഹുല്യംനിമിത്തമുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയവ ഇല്ലാതാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കർശന നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട അധികാരികൾക്ക് അറിയിപ്പ് നൽകുകയും ചെയ്യേണ്ടതാണ്.

2) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതികത ആവശ്യമായ വലിയ പ്രോജക്ടുകൾ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കേണ്ടതാണ്.

3) ഖരമാലിന്യസംസ്കരണപ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം കല്യാണമണ്ഡപത്തിന് ഇല്ലാത്തതിനാൽ പ്ലാന്റിനായി മറ്റേതെങ്കിലും സ്ഥലം തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

4) നിലവിൽ ഐ.ആർ.ടി.സി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് ഇവ നിർമ്മിക്കുന്നതിന് 822000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവർത്തി SO 104/18 കമ്മ്യൂണിറ്റിഹാൾ സെപ്റ്റിക് ടാങ്ക് റിപ്പയർ, നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇരട്ടിപ്പ് വരാത്ത രീതിയിൽ ക്രമീകരിക്കേണ്ടതാണ് . കൂടാതെ മലിനീകരണനിയന്ത്രണബോർഡ് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും പ്ലാന്റ് നിർവ്വഹണ ഏജൻസി നൽകുന്ന എസ്റ്റിമേറ്റും ഒത്തു നോക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

# 3-16 അസിസ്റ്റന്റ് സെക്രട്ടറി-പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ട് (പ്രത്യേക ഘടകപദ്ധതി ) ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | നടപ്പിലാക്കാത്തതിനുള്ള വിശദീകരണം |
|---|---|---|
| 13/18, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | 140000 | ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും ഗുണഭോക്താക്കൾ സമയബന്ധിതമായി രേഖകൾ ഹാജരാക്കാത്തതിനാൽ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. 2018-19 ൽ സ്പിൽ ഓവർ ആയി തുടരുന്നു. |
| 14/18, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ | 860100 | പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത് ജനുവരിയിൽ മാത്രമാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി സൈക്കിൾ വിതരണത്തിനായി ലഭിച്ചത് 2018-19 സാമ്പത്തികവർഷത്തിന്റെ ആദ്യമാണ്. സ്പിൽ ഓവർ ആയി തുടരുന്നു. |
| 181/18, വൃദ്ധർക്ക് കട്ടിൽ | 413900 | ഇതേ പേരിലുള്ള മറ്റൊരു പ്രോജക്ടിന്റെ തുടർച്ചയായാണ് ഈ പ്രോജക്ട് ഏറ്റെടുത്തത്. മുൻ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ തുടർന്ന് 31.03.18 ന് മുമ്പ് ബിൽമാറുന്നതിന് സാധിച്ചില്ല. സ്പിൽ ഓവർ ആയി തുടരുന്നു. |
| 25/18, റിവോൾവിംഗ് ഫണ്ട് | 10000 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അവശേഷിക്കുന്ന തുക ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള പ്രോജക്ടാണിത്. കുടുംബശ്രീ മിഷനിൽ നിന്നും റിവോൾവിംഗ് ഫണ്ട് നൽകുന്നതിനാൽ തുക ചെലവഴിച്ചില്ല. |
| ആകെ വകയിരുത്തിയ തുക | 1424000 | |

( ഓഡിറ്റ് അന്വേഷണം നം 21/27-7-18, നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി )

അർഹരായ ഗുണഭോക്താക്കൾ ഉണ്ടെന്നുള്ളത് ഉറപ്പു വരുത്താതെ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ലഭ്യമായ ഫണ്ട് അതത് സമയത്ത് ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്യുന്നത് ഭാവിയിൽ ഫണ്ട് ലഭ്യത ഇല്ലാതാക്കുന്നതിന് ഇട വരുത്തുന്നതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ ആവശ്യസമയത്ത് ലഭിക്കാതെ വരുന്നത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിക്കാതെ വരുന്നതിനും ഇടയാക്കും. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്ക് ഭരണനിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണം

ഓഡിറ്റ് ലക്ഷ്യം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തികവർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ഉദ്ദേശിച്ച പ്രവർത്തികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയാണ് ഓഡിറ്റ് ലക്ഷ്യം.

| പദ്ധതിയുടെ പേര്,നം | അടങ്കൽ, ഫണ്ട് | നൽകിയത് | ബിൽ നം/തീയതി |
|---|---|---|---|
| വാട്ടയാർ പൈപ്പ് ലൈൻ നീട്ടൽ, 167/18 | 91000, C F C ഗ്രാന്റ് | എക്സി. എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി, പാലക്കാട് | 34/17-18;11.01.18 |
| കോരോത്ത് പറമ്പ് പൈപ്പ് ലൈൻ നീട്ടൽ, 128/18 | 187000, വികസന ഫണ്ട് S C P | എക്സി. എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി, പാലക്കാട് | 43/17-18;28.02.18 |
| സ്ട്രീറ്റ് ലൈൻ വലിക്കൽ,147/18 | 596536, C F C ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി,<br>വടവന്നൂർ | 33/17-18; 29.12.17 |

നിലവിലെ അവസ്ഥ

ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നൽകിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ചോ തുക എത്രത്തോളം വിനിയോഗിച്ചു എന്നത് സംബന്ധിച്ചോ വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽ പ്രവർത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പ്രവർത്തികൾക്കായി അതത് സ്ഥാപനങ്ങളുമായി കരാർ ഉടമ്പടി വച്ചിട്ടുണ്ടെങ്കിലും പ്രവർത്തി

ആരംഭിക്കുന്ന തീയതിയും പൂർത്തിയാക്കേണ്ട തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ഫൈനൽ ബിൽ പ്രകാരം എസ്റ്റിമേറ്റ് തുകയിലും കുറവാണ് ചെലവ് വരുന്നതെങ്കിൽ ബാക്കി തുക തിരിച്ചടയ്ക്കുന്നതു സംബന്ധിച്ചും കരാർ ഉടമ്പടിയിൽ പറഞ്ഞിട്ടില്ല. പ്രോജക്ട് പ്രകാരം പ്രവർത്തിയുടെ ഗുണം പ്രവർത്തിയുടെ സമയം ഇവ കുടിവെള്ള പ്രവർത്തികളുടെ കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പും സ്ട്രീറ്റ് ലൈൻ വലിക്കൽ ഊർജ്ജം വർക്കിംഗ് ഗ്രൂപ്പും മേൽനോട്ടം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ മേൽനോട്ടം നടത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ കാണുന്നില്ല.
എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ഭരണനിർവ്വഹണാധികാരികളുമായി ചർച്ച ചെയ്തു. പ്രവർത്തികൾ നിലവിൽപൂർത്തിയായിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും വൈസ് പ്രസിഡന്റ് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. നിർവ്വഹണപുരോഗതി ജില്ലാആസൂത്രണസമിതി വിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തുമ്പോൾ പ്രവൃത്തി ആരംഭിക്കേണ്ട തീയതിയും പൂർത്തീകരിക്കേണ്ട തീയതിയുംവ്യക്തമാക്കേണ്ടതാണ്.

## 3-18 വിനിയോഗത്തിലില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് (പഞ്ചാബ് നാഷണൽ ബാങ്ക് , അക്കൗണ്ട് നം - 4296000100069306). 15.07.2015ന ശേഷം വിനിയോഗത്തിലില്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. 15.07.2015 ന് അക്കൗണ്ടിലെ ബാലൻസ് 25,319/- രൂപയാണ്.

## 3-19 സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ജിഎൽപി സ്കൂൾ,ജിഎംഎൽപി സ്കൂൾ എന്നീ സർക്കാർ സ്കൂളുകളാണുള്ളത്. നിലവിൽ 2 സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ ഇവ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.ഇതുമൂലം എസ്എസ്എ വഴിയുള്ള പദ്ധതികൾ ,സ്മാർട്ട് ഡിജിറ്റൽ ക്ലാസ്സ് റൂം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.വാടകകെട്ടിടമായതിനാൽ സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനും കഴിയുന്നില്ല.സ്വന്തമായി സ്ഥലം വാങ്ങുവാൻ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ശ്രമം ഉണ്ടായിട്ടുണ്ടെങ്കിലും വിജയിച്ചിട്ടില്ല.

സാക്ഷരത,ഗ്രന്ഥശാലകൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല
1)പഞ്ചായത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി, വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യം വർക്കിങ് ഗ്രൂപ്പ് എന്നിവ ഡിജിറ്റൽ ക്ലാസ്സ് റൂം, ഊർജ്ജിത സാക്ഷരതാ യജ്ഞം(സാക്ഷരതാ മിഷൻ),സ്കൂൾ വാർത്താ പത്രിക,ലൈബ്രറി വികസനം(ഫർണ്ണീച്ചർ,പുസ്തകങ്ങൾ) അക്ഷരലക്ഷം(സാക്ഷരതാ മിഷൻ)ലൈബ്രറി പുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങൾക്കും ക്ലബ്ബുകൾക്കും,പ്രി പ്രൈമറി കുട്ടികൾക്ക് ആവശ്യമായ

പഠനോപകരണങ്ങൾ/കളിക്കോപ്പുകൾ,വിദ്യാലയങ്ങൾക്ക് ആവശ്യമായ ഫർണ്ണീച്ചർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായും തീരുമാനമെടുത്തിരുന്നു.

എന്നാൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- സ്പോൺസറിംഗിലൂടെയോ അല്ലാതെയോ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കി ജില്ലാ പഞ്ചായത്തിന്റെയോ എം.പി/എം.എൽ.എ. എന്നിവരുടേയോ ഫണ്ട് ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികളെടുക്കുക.
- ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി, വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യം വർക്കിങ് ഗ്രൂപ്പ് മുഖേന മുന്നോട്ടുവെയ്ക്കുന്ന പദ്ധതികൾ പരിഗണിച്ച് മുൻഗണനാക്രമത്തിൽ നടപ്പിലാക്കുക.

# 3-20 ആരോഗ്യസുരക്ഷമേഖലയിലെ പദ്ധതികളുടെ നടത്തിപ്പ് -അവലോകനം

ഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദാശുപത്രിയും പ്രവർത്തിക്കുന്നുണ്ട് . ഹോമിയോ മെഡിക്കൽ ഓഫീസറുടെ സേവനം നിലവിലില്ല. ഭരണസമിതിയുടെ 7.12.15 ലെ യോഗതീരുമാനമനുസരിച്ച് ഹോമിയോ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ ഉണ്ടായിട്ടില്ല.

<u>മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ</u>

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി 7749000 രൂപ മൊത്തം അടങ്കൽ തുകയോടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 5749000 രൂപയും ചെലവഴിച്ചിട്ടുണ്ട് . വകയിരുത്തിയ മുഴുവൻ വികസനഫണ്ടും മെയിന്റനൻസ് ഫണ്ടും ചെലവഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സാന്ത്വന പരിചരണ ചികിത്സാപദ്ധതിക്കായി (സ്പിൽ ഓവർ പ്രോജക്ട് -124/18) ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 200000 രൂപ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സാന്ത്വന പരിചരണ ചികിത്സാപദ്ധതി, പകർച്ചാവ്യാധി നിയന്ത്രണപരിപാടി, പൾസ് പോളിയോ, മന്ത് രോഗനിവാരണപദ്ധതി തുടങ്ങിയ അനിവാര്യപ്രോജക്ടുകൾക്കായും പി.എച്ച്.സി യുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായും ആണ് മുഖ്യമായി ഫണ്ട് വിനിയോഗിച്ചിരിക്കുന്നത് .

ജീവിതശൈലീരോഗപ്രതിരോധപ്രവർത്തനങ്ങൾ, ക്യാൻസർ രോഗ നിർണ്ണയക്യാമ്പുകൾ, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആരോഗ്യക്ഷേമപ്രവർത്തനങ്ങൾ, മാനസികാരോഗ്യപ്രശ്നങ്ങൾ നേരിടാനുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കായുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല.

സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകയടക്കം ലഭ്യമായ ഫണ്ട് പരമാവധി ഉപയോഗിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

<u>ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി</u>

ആയുർവ്വേദമെഡിക്കൽ ഓഫീസർ ഗവൺമെന്റ് ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന

പ്രോജക്ട് റോഡിതരമെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് - 23/18

അടങ്കൽ- 400000 രൂപ

ചെലവ് -400000 (ബിൽ നം 03/17-18/18.11.17)

ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ ഔഷധിയിൽ നിന്നും ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിനായി 400000 രൂപ 18.11.17 ന് ട്രഷറിയിൽ നിന്നും പിൻവലിച്ച് ഔഷധിക്ക് കൈമാറിയിട്ടുണ്ട് . നാളിതുവരെ മരുന്ന് വിതരണം പൂർത്തിയായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തീയതി | തുക |
|---|---|
| 90047056/31.12.17 | 161296 |
| 90059409/22.03.18 | 121106 |
| 90061767/31.03.18 | 42975 |
| 90064596/25.05.18 | 17674 |
| 90070347/27.06.18 | 34217 |

ആകെ 377268 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ശേഷിക്കുന്ന 22732 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ട് . മെഡിക്കൽ ഓഫീസർ 30.11.17 ന് ഔഷധിയുമായി ചേർന്നുണ്ടാക്കിയ ഉടമ്പടി പ്രകാരം 60 ദിവസത്തിനകം എല്ലാ മരുന്നുകളും വിതരണം ചെയ്യേണ്ടതാണ് . മരുന്നുവിതരണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് ഔഷധി അധികൃതരുമായി കത്തിടപാടുകളൊന്നും നടത്തിയിട്ടില്ല. നൽകിയ പണത്തിനുള്ള മരുന്നുകൾ നിശ്ചിതസമയത്തിനകം ലഭ്യമാക്കുന്നുണ്ടെന്ന് ഭരണനിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ് . എക്സിറ്റ് മീറ്റിംഗിൽ ഈ വിവരം ഭരണസമിതിയെ അറിയിച്ചിട്ടുണ്ട്.

## 3-21 സാക്ഷരതാ പ്രേരക്മാർക്ക് നൽകിയ ഓണറേറിയം നാളിതുവരെയും തിരികെ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 58500/- രൂപ

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും സാക്ഷരത മിഷനിൽ നിന്നും ഈ തുക തിരികെ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പഞ്ചായത്ത് നൽകിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതമിഷന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-22 ആശ്രയ പദ്ധതി - അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രൊജക്ടുകളുടെ ആനുകൂല്യം ലഭ്യമായതു കൂടി ഉൾപ്പെടുത്തി ആയതിന്റെ സംക്ഷിപ്ത വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം 2003-06 | | രണ്ടാം ഘട്ടം 2014-17 | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് ആവശ്യമുള്ളവർ | 43 | 8 | 29 | 3 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 25 | 2 | 20 | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 37 | 6 | 11 | 11 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 5 | - | - | - |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 28 | 2 | 1 | - |
| 8 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - | - | - | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട ലിസ്റ്റിൽ 80 ഉം രണ്ടാം ഘട്ട ലിസ്റ്റിൽ 122 ഉം അഗതി കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്ട്സ്, വികസന രേഖ എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റിയുള്ള രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് മാത്രമാണ് തുടർന്നുവരുന്നത്. ആശ്രയ രണ്ടാം ഘട്ടം പൂർത്തിയാക്കി മൂന്നാം ഘട്ടത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തിയാക്കിയ 2ഘട്ടങ്ങളിലും അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. മുൻ ഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും പരിമിതികളും പരിഹരിച്ചു കൊണ്ട് ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് മൂന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

<u>കുടുംബശ്രീ - ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.</u>

കുടുംബശ്രീയുടെ കാഷ് ബുക്ക് പ്രകാരവും, വടവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ കുടുംബശ്രീ-ആശ്രയ അക്കൗണ്ട് (നം.7037) പ്രകാരവും 2017-18 സാമ്പത്തിക വർഷത്തിലെ നീക്കിയിരിപ്പായി 234871 രൂപയുണ്ട്. ഈ തുകയിൽ 113037 രൂപ ആശ്രയയുടെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി മുൻ വർഷങ്ങളിൽ പ്ലാൻ വിഹിതമായി പഞ്ചായത്ത് നൽകിയിട്ടുള്ളതാണ്. 2006-07 വർഷം മുതൽ വിവിധ വർഷങ്ങളിൽ നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിച്ച 113037 രൂപ കുടുംബശ്രീ -ആശ്രയ അക്കൗണ്ടിൽ നീക്കിയിരിപ്പായി തുടർന്നു വരുകയാണ്. തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക നൽകിയ ഇനം | തുക |
|---|---|
| തൊഴിൽ | 60000 |
| സാനിറ്റേഷൻ | 6000 |
| വസ്ത്രം | 8477 |
| പെൻഷൻ | 38560 |
| ആകെ | 113037 |

ചെലവഴിക്കാതെ അവശേഷിക്കുന്ന 113037 രൂപ പരിശോധനാ വിധേയമാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.19, തീയതി-27-7-2018).

## 3-23 <u>മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - ഭൂവികസന പദ്ധതികൾ ലക്ഷ്യം കണ്ടില്ല</u>

സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ ഭൂവികസന പദ്ധതികൾ ഉൾപ്പെടുത്തി

നടപ്പാക്കിയിട്ടുണ്ട്.തോടുകളുടെ വശങ്ങളിലെ കാട് നീക്കം ചെയ്ത് കയർ ഭൂവസ്ത്രം വിരിക്കുന്നതിനാണ് പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത്. കയർ ഭൂവസ്ത്രം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ആലപ്പുഴയുമായി 8.10.2017 ന് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടെങ്കിലും മൊത്തം ഏഴ് പ്രവർത്തികൾക്ക് ആവശ്യമായ 9720 m2 കയർ ഭൂവസ്ത്രത്തിൽ 1100m2 മാത്രമാണ് ഒരു പ്രവർത്തിക്കായി ലഭ്യമായിട്ടുള്ളത്. പ്രവർത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തി | അടങ്കൽ | ചെലവ് | കയർ ഭൂവസ്ത്രത്തിന്റെ അളവ്(m2) |
|---|---|---|---|---|
| 1 | കണ്ടനാറ തോട് | 388099 | 103200 | 1440 |
| 2 | കാരമാൻചിറ തോട് | 499086 | 150156 | 1800 |
| 3 | അകമ്പാടം തോട് | 498053 | 192468 | 1600 (1100m2 ലഭ്യമായിട്ടുണ്ട്) |
| 4 | കന്യാട് തോട് | 468719 | 202014 | 1680 |
| 5 | കല്ലൻചിറ തോട് | 435042 | 207174 | 1800 |
| 6 | ചെന്നിയാംപള്ളം തോട് | 365669 | 138950 | 1300 |
| 7 | കുട്ടാലപാടം തോട് | 333671 | 192468 | 1200 |
| | ആകെ | 6000000 | 4293956 | 9720 |

മേൽ പ്രവർത്തികൾ 2018 – 19 സാമ്പത്തിക വർഷത്തിലും കയർ ഭൂവസ്ത്രത്തിന്റെ ലഭ്യത ഉറപ്പാക്കാതെ സ്പിൽ ഓവറായി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാവുമെങ്കിൽ തന്നെയും 2017-18 വർഷം നിർവ്വഹിച്ച earth work, surface dressing എന്നീ പ്രവർത്തികൾ വീണ്ടും നിർവ്വഹിക്കേണ്ടതായി വരും. ഇപ്രകാരം പദ്ധതികൾ ഉദ്ദേശലക്ഷ്യം കൈവരിക്കാതെ ആവർത്തന സ്വഭാവമുള്ള പ്രവർത്തികളായിത്തീരുന്നു. ആയതിനാൽ കയർ ഭൂവസ്ത്രത്തിന്റെ ലഭ്യത അനുസരിച്ച് ആക്ഷൻ പ്ലാനിൽ വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതികളുടെ ഫയലുകളിൽ സൈറ്റ് ഡയറി ഉൾപ്പെടുത്തുന്നുണ്ടെങ്കിലും അവയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കുന്നതിന് അതാത് എ.ഡി.എസ് വളണ്ടിയർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ പദ്ധതി മോണിറ്ററിങ്ങ് കാര്യക്ഷമമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെവിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതി | ലഭിച്ച തുക | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | സമഗ്ര നെൽകൃഷി വികസനം | 1557500 | 1557500 |
| | | സാന്ത്വനചികിത്സാപദ്ധതി | 200000 | 200000 |
| | | ക്ഷീരകർഷകന് പാലിന് സബ്സിഡി | 150000 | 150000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | സമഗ്ര നെൽകൃഷി വികസനം | 2225000 | 2225000 |
| | | ക്ഷീരകർഷകന് പാലിന് സബ്സിഡി | 80000 | 80000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പദ്ധതിയുടെ പേര്,നം | അടങ്കൽ, ഫണ്ട് | ചെലവ് | നൽകിയത് | ബിൽ നം/ തീയതി |
|---|---|---|---|---|
| വാട്ടയാർ പൈപ്പ് ലൈൻ നീട്ടൽ, 167/18 | 91000, C F C ഗ്രാന്റ് | 91000 | എക്സി. എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി, പാലക്കാട് | 34/17-18; 11.01.18 |
| കോരോത്ത് പറമ്പ് പൈപ്പ് ലൈൻ നീട്ടൽ, 128/18 | 187000, വികസന ഫണ്ട് S C P | 187000 | എക്സി. എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി, പാലക്കാട് | 43/17-18; 28.02.18 |
| സ്ട്രീറ്റ് ലൈൻ വലിക്കൽ,147/18 | 596536, C F C | 596536 | അസിസ്റ്റന്റ് എഞ്ചിനീയർ, | 33/17-18; 29.12.17 |

| | | | | |
|---|---|---|---|---|
| | ഗ്രാന്റ് | | കെ.എസ്.ഇ.ബി, വടവന്നൂർ | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും തന്നെ നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നും തന്നെയില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടയ്ക്കാനും അവശേഷിക്കുന്നില്ല.

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20975/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-4 | 840 | കെ.സിറാജുദ്ദീൻ, സെക്രട്ടറി | 117010101006/ 11.07.2017 |
| " | 3-5 | 2400 | ഉണ്ണി.കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | 117010100754/ 13.06.2017 |
| " | 3-6 | 1904 | " | 117010100754/ 13.06.2017 |
| 2016-17 | 3-1 | 15831 | " | 117010102647/ 15.12.2017-6395/- 117010103214/ 08.01.2018-9346 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകൾ ഒന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55209404 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55396373 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം,തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന<br>ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | എൽ.എഫ്.പി.8/ 277/98<br>തീയതി 14-7-18 | 5 |
| 1997-98 | എൽ.എഫ്.പി.10/143/2000/ തീയതി 17.08.2000 | 9 |
| 1998-99 | എൽ.എഫ്.പി.5/144/2000 തീയതി 9.09.2000 | 11 |
| 1999-2000 | എൽ.എഫ്.പി. 8/655/01<br>തീയതി 14.08.2001 | 5 |
| 2000-01 | എൽ.എഫ്.പി. 13/01/04<br>തീയതി 12.01.2004 | 9 |
| 2001-02 | എൽ.എഫ്.പി. 14/682/2004<br>തീയതി | മുഴവൻ |
| 2002-03 | എൽ.എഫ്.പി.8/419/05<br>തീയതി 12.09.2006 | 0 |
| 2003-04 | എൽ.എഫ്.പി.9-1096/06<br>തീയതി 27.03.2007 | 20 |
| 2004-05 | എൽ.എഫ്.പി.9-1097/06<br>തീയതി 11.05.2007 | 19 |
| 2005-06 | എൽ.എഫ്.പി.9/1098/06 തീയതി 16.05.2007 | 10 |
| 2006-07 | എൽ.എഫ്.പി.9/141/09 തീയതി 13.11.2009 | 1 |
| 2007-08 | എൽ.എഫ്.പി.9/142/09 തീയതി 13.11.2009 | 7 |
| 2008-09 | എൽ.എഫ്.പി.19/597/2011 തീയതി 8.02.2012 | 5 |
| 2009-10 | എൽ.എഫ്.പി.19/598/2011 തീയതി 8.02.2012 | 9 |
| 2010-11 | എൽ.എഫ്.പി. 19/257/11 തീയതി 27.03.13 | 11 |
| 2011-12 | എൽ.എഫ്.പി.19/387/14 തീയതി 05.05.14 | 12 |
| 2012-13<br>2013-14 | എൽ.എഫ്.പി.19/1402/15 തീയതി 14.01.16 | 23 |
| 2014-15 | എൽ.എഫ്.പി.19/1086/16 തീയതി 16.07.18 | 11 |
| 2015-16 | എൽ.എഫ്.പി.19/88/2017 തീയതി 11.01.17 | 15 |
| 2016-17 | എൽ.എഫ്.പി.19/1939/2017 തീയതി 8.11.17 | 17 |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

## വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ" Liability in respect of stale cheque എന്ന ശീർഷകത്തി ലേയ്ക്ക് മാറ്റിയിട്ടില്ല.

2) വസ്തുനികുതി ഇ-പേയ്മെന്റ് ആയി സ്വീകരിച്ചത് സാംഖ്യയിൽ റസീപ്റ്റ് ചെയ്തപ്പോഴുണ്ടായ പിഴവ് മൂലം 5739/- രൂപ 16-17 സാമ്പത്തിക വർഷത്തിലേക്ക് ക്രെഡിറ്റ് ആയതിനാൽ തൻവർഷ മുന്നിരിപ്പിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

3) 2017-18ലെ ബാലൻസ്ഷീറ്റ് (ഷെഡ്യൂൾ ബി-1)-ൽ “Excess of Income Over Expenditure” 5947938.95 രൂപയ്ക്ക് പകരം 5948085.95 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (വ്യത്യാസം 147 രൂപ).

4) വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി ഡിമാന്റും കളക്ഷനും തമ്മിലുള്ള വ്യതാസമല്ല ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. വാർഷിക കണക്കിലെയും ഡിസിബി അരിയർ ഡിമാന്റ് രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

5) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

7) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

8) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9) നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം -2

## പത്രികകൾ

(എ) വടവന്നൂർ ഗ്രാമപഞ്ചായത്ത് റസീപ്റ്റ് &പേയ്മെന്റ് സംക്ഷിപ്തം (Audited Abstract)

| Absract of Receipts &Payments For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 3174927.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 632790.00 |
| 130000000 | Rental income from Panchayat Properties | RP-3 | 458000.00 |
| 140000000 | Fees & User Charges | RP-4 | 376957.00 |
| 150000000 | Sale & Hire Charges | RP-5 | 83824.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45416434.00 |
| 171000000 | Interest Earned | RP-9 | 7245.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2310744.00 |
| 350000000 | Other Liabilities | RP-36 | 121304.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 5698.00 |
| 340000000 | Deposits Received | RP-34 | 259506.00 |
| 350000000 | Other Liabilities | RP-36 | 170589.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2061985.00 |
| 460000000 | Loans, Advances and Deposits | RP-47 | 129401.00 |
| | **Grand total** | | **55209404.00** |

| | | | |
|---|---|---|---|
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2293130.00 |
| 220000000 | Administrative Expenses | RP-12 | 433641.00 |
| 230000000 | Operations & Maintenance | RP-13 | 1395377.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8384168.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8691865.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4962434.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1550677.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 898440.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6452543.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 74166.00 |
| 280000000 | Prior Period item | RP-26 | -28756.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 175886.00 |
| 350000000 | Other Liabilities | RP-36 | 4325638.00 |
| | **Non Operating** | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 3783.00 |
| 280000000 | Prior Period Item | RP-26 | -6660.00 |
| 340000000 | Deposits Received | RP-34 | 263118.00 |
| 350000000 | Other Liabilities | RP-36 | 1667816.00 |
| 410000000 | Fixed Assets | RP-38 | 9055347.00 |
| 412000000 | Capital work in Progress | RP-40 | 1485453.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3065564.00 |
| 460000000 | Loans, Advances and Deposits | RP-47 | 252743.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | -252266.00 |
| Cash | Cash | RP-40(b) | 65297.00 |
| | **Grand Total** | | **55209404.00** |

(ബി)വടവന്നൂർ ഗ്രാമപഞ്ചായത്ത് ഇൻകം & എക്സ്പെൻഡിച്ചർ സംക്ഷിപ്തം (Audited Abstract)

| Income &Expenditure Statement For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2368225.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 458000.00 |
| 140000000 | Fee & User Charges | I-4(b) | 681407.00 |
| 150000000 | Sale & Hire Charges | I-5(b) | 84224.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 84229279.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 7245.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 5698.00 |
| | **Total Income** | | **87834078.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8316289.00 |
| 220000000 | Administrative Expenses | I-11(b) | 433641.00 |
| 230000000 | Operations & Maintenance | I-12(b) | 1424399.00 |
| 240000000 | Interest & Finance Charges | I-13 | 3783.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10413453.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 22896365.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4962434.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1550677.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30732040.00 |
| 255000000 | Maintenance Projects | I-14(e) | 6452543.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 74166.00 |
| | **Total Expenditure** | | **87259790.00** |

| | | | |
|---|---|---|---|
| | **Gross Surplus/ Deficit of income over Expenditure** | | **574288.00** |
| 280000000 | Prior Period Item | I-18 | 68821.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **505467.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

(സി)വടവന്നൂർ ഗ്രാമപഞ്ചായത്ത് ബാലൻസ് ഷീറ്റ് സംക്ഷിപ്തം (Audited Abstract)

| Balance Sheet For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 10358121.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 39603662.00 |
| | **Total Reserve & Surplus** | | **49961783.95** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2148194.00 |
| | **Total Grants, Contributions for Specific Purposes** | | **2148194.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 336429.00 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1432680.05 |
| | **Total Current Liabilities and Provisions** | | **1769109.05** |
| | **TOTAL LIABILITIES** | | **53879087.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 49098184.00 |
| 412000000 | Capital Work in Progress | B-11(a) | 1485453.00 |
| | **Total Fixed Assets** | | **50583637.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 3386798.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | -186969.00 |
| 460000000 | Loand, Advances and Deposits | B-18 | 95621.00 |
| | **Total Current Assets, Loans and Advances** | | **3295450.00** |
| | **Other Assets** | | |

ഡെപ്യൂട്ടി ഡയറക്ടർ.